സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം

ECHOES INDIA

ശ്രീ രാം ചന്ദ്ര മിഷൻ®

ജനുവരി 2014 വാല്യം 7 ലക്കം 1








**മണപാക്കം, ഡിസംബർ 31,2013–ജനുവരി 1, 2014**

ക്രിസ്തുമസ്സിനു ശേഷം മാസ്റ്റർക്ക് ചെറിയതോതിൽ വന്ന പനി ഡോക്ടർമാർക്ക് ആശങ്കയുണ്ടാക്കി. പക്ഷെ മുപ്പതാം തിയ്യതിയോടെ അദ്ദേഹത്തിൻെറ ആരോഗ്യം മെച്ചപ്പെട്ടു. ചെന്നൈയിൽ നിന്നും മറ്റു കേന്ദ്രങ്ങളിൽ നിന്നുമായി എണ്ണായിരത്തോളം അഭ്യാസികൾ പുതുവത്സര വേളയിൽ എത്തിയിരുന്നു. ടെറസിലും കളിസ്ഥലത്തുമായി അധിക താമസ സൗകര്യം ഒരുക്കിയിരുന്നു. പുതുവത്സര ദിനത്തിൽ വൈകുന്നേരം അവതരിപ്പിച്ച നൃത്തപരിപാടി മാസ്റ്റർ ക്ലോസ്ഡ് സർക്യൂട്ട് ടിവിയിൽ കണ്ടു.


ഒന്നാം തിയ്യതി രാവിലെ ധ്യാനമന്ദിരവും ടെറസും നിറഞ്ഞുകവിഞ്ഞിരുന്നു. സത്സംഗത്തിനു മാസ്റ്റർ എത്തുമെന്ന പ്രതീക്ഷ ആർക്കുമുണ്ടായിരുന്നില്ലെങ്കിലും എല്ലാവരേയും സന്തോഷ ഭരിതരാക്കി പുതുവത്സരാശംസകൾ നേർന്നുകൊണ്ട് അദ്ദേഹം ധ്യാനമന്ദിരത്തിലെത്തി. ഒരു മണിക്കൂർ നീണ്ട സത്സംഗത്തിനുശേഷം മൂന്ന് അഭ്യാസികൾ അവതരിപ്പിച്ച ഗാനങ്ങളുമുണ്ടായിരുന്നു. അതിനു ശേഷം മാസ്റ്റർ ഊർജ്ജസ്വലതയോടെ വ്യക്തമായ ശബ്ദത്തിൽ സംസാരിച്ചു.

ഒരാൾ എത്ര വർഷങ്ങൾ ധ്യാനിച്ചു എന്നതിന് പ്രസക്തിയില്ല എന്തെന്നാൽ മുൻകാലങ്ങളിൽ മഹർഷിമാർ തപസുചെയ്തിരുന്നത് ആയിരക്കണക്കിനു വർഷങ്ങളായിരുന്നല്ലൊ എന്നദ്ദേഹം പറഞ്ഞു. എന്നാൽ സഹജമാർഗത്തിൽ, ബാബുജി പറയുന്നത് ഒരു ജന്മത്തിൽ തന്നെ ലക്ഷ്യപ്രാപ്തി കൈവരിയ്ക്കാമെന്നാണ്.

“അതുകൊണ്ട് നിങ്ങളിപ്പോഴെങ്കിലും ഉണരുക. മറ്റുള്ളവരോടുള്ള വെറുപ്പും മുൻധാരണകളും വിദ്വേഷവുമൊക്കെ മാറ്റുക. സ്നൊവൈറ്റിലെ രാജ്ഞിയെപ്പോലെ നിങ്ങൾ കണ്ണാടിയിൽ നോക്കി നിങ്ങളെ തിരിച്ചറിയുക. രാജ്ഞിയിൽ വെറുപ്പ് വർദ്ധിക്കുകയും സ്നൊവൈറ്റിനെ നശിപ്പിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. പക്ഷെ ശരിയായ കാഴ്ച്ചപ്പാടിൽ നമ്മെ അറിയണമെന്ന ആഗ്രഹത്തോടെ കണ്ണാടിയിൽ നോക്കുമ്പോൾ നമ്മൾ സ്വയം അളക്കും, പിന്നെ സ്വയം തിരുത്താൻ തുടങ്ങും. പതിയെ പതിയെ പുരോഗതിയുടെ പടവുകൾ കയറാൻ തുടങ്ങും.”. മാസ്റ്റർ തുടർന്നു. ഒടുവിൽ അദ്ദേഹം പറഞ്ഞു “എനിക്ക് രണ്ട് സന്ദേശങ്ങൾ നിങ്ങൾക്ക് തരാനുണ്ട്. ഒന്ന്, സമയം പാഴാക്കരുത്. രണ്ട്, അദ്ദേഹം സ്നേഹിക്കുന്ന എല്ലാവരേയും സ്നേഹിക്കുക.”

പിന്നീട് വെയിലുകൊള്ളാൻ വന്നിരുന്ന അദ്ദേഹം ഒമേഗ സ്കൂളിലെ പതിനൊന്നും പന്ത്രണ്ടും ക്ലാസുകളിലെ വിദ്യാർത്ഥികളെ കണ്ടു. സംസാരിച്ചു. എല്ലാവർക്കും ഈ ശുഭദിനത്തിൽ ആശംസകൾ നേർന്നുകൊണ്ടും അവരുടെ കൂടെ വളരെനേരം അദ്ദേഹം ചെലവഴിച്ചു.












## ഇന്ത്യയിലെ സോണുകളുടെ പുന:ക്രമീകരണം

ജനുവരി 1,2014 മുതൽ മിഷന്റെ ഇന്ത്യയിലെ സോണുകളെ പുന:ക്രമീകരിച്ചു കൊണ്ട് മാസ്റ്റർ ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ സോണുകളുടെയും സോണൽ–ഇൻ–ചാർജുകളുടെയും വിവര പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| സോൺ നംബർ | സോൺ | സോണൽ–ഇൻ–ചാർജ് | ഇമെയിൽ–ഐഡി |
|---|---|---|---|
| 1 | ഹൈദരാബാദ് മെട്രൊ | ശ്രീ ഉല്ലാസ് റാവു കുംബ്ലെ(ഹൈദരാബാദ്) | zic.ap1@srcm.org |
| 01A | എപി തെക്ക് | ശ്രീ മധുസൂധൻറാവു കോത്തപള്ളി (ഹൈദരാബാദ്) | zic.ap1a@srcm.org |
| 01B | എപി കോസ്റ്റൽ തെക്ക് | ശ്രീ ആദിനാരായണ മൊഗന്തി (വിശാഖപട്ടണം) | zic.ap1b@srcm.org |
| 01C | എപി കോസ്റ്റൽ വടക്ക് | ശ്രീ എംആർ ഗംഗാധർ(നെല്ലോർ) | zic.ap1c@srcm.org |
| 01D | എപി വടക്ക് | ശ്രീ ഗംഗാധര ഡൊൻടിറെഡ്ഡി (ഹൈദരാബാദ്) | zic.ap1d@srcm.org |
| 2 | ചെന്നൈ മെട്രൊ | ക്യാപ്റ്റൻ വിനീത് സിംഗ് റണാവത്(ചെന്നൈ) | zic.tn2@srcm.org |
| 02A | തമിഴ്നാട് വടക്ക് | ശ്രീ ബി.എസ്.മുരുഗൻ(ഹൊസുർ) | zic.tn2a@srcm.org |
| 02B | തമിഴ്നാട് കിഴക്ക് | ശ്രീ ടി.എസ്.രഘുറാം(തിരുച്ചിറപ്പള്ളി) | zic.tn2b@srcm.org |
| 02C | തമിഴ്നാട് പടിഞ്ഞാറ് | ശ്രീ ടി.വി.വിശ്വനാഥ റാവു(തിരുപ്പൂർ) | zic.tn2c@srcm.org |
| 02D | തമിഴ്നാട് വടക്ക് | ശ്രീ രാമനാഥൻ രാമചന്ദ്രൻ(മധുരൈ) | zic.tn2d@srcm.org |

continued...

## ഇന്ത്യയിലെ സോണുകളുടെ പുനഃക്രമീകരണം (തുടർച്ച)

| സോൺ നംബർ | സോൺ | സോണൽ-ഇൻ-ചാർജ് | ഇമെയിൽ-ഐഡി |
|---|---|---|---|
| 03A | വടക്കൻ കേരളം | ശ്രീ കെ.യു.മോഹൻ(തൃശ്ശൂർ) | zic.kl3a@srcm.org |
| 03B | തെക്കൻ കേരളം | ശ്രീ എ.കെ.മോഹൻദാസ്(പാലക്കാട്) | zic.kl3b@srcm.org |
| 4 | ബാംഗ്ലൂർ മെട്രൊ | ശ്രീ ഗിരീഷ് ടോട്‌ലൂർ(ബാംഗ്ലൂർ) | zic.ka4@srcm.org |
| 04A | തെക്കൻ കർണ്ണാടകം | ശ്രീ ഡോ.ഗജേന്ദ്ര സിംഗ്(ഗുൽബർഗ) | zic.ka4a@srcm.org |
| 04B | വടക്കൻ കർണ്ണാടകം | ശ്രീ മധുസൂദൻ കൃഷ്ണസ്വാമി(മൈസൂർ) | zic.ka4b@srcm.org |
| 04C | കോസ്റ്റൽ കർണ്ണാടകം | ശ്രീ സുബ്രയ പൈ(വിറ്റൽ) | zic.ka4c@srcm.org |
| 5 | മുംബൈ മെട്രൊ | ശ്രീ തുഷാർ പ്രധാൻ(മുംബൈ) | zic.mh5@srcm.org |
| 05A | പടിഞ്ഞാറൻ മഹാരാഷ്ട്ര | ശ്രീ സുഭാഷ് വൈദ്യ(പൂന) | zic.mh5a@srcm.org |
| 05B | മദ്ധ്യ മഹാരാഷ്ട്ര | ശ്രീ അരുൺ കുമാർ ചൗഹാൻ(ഔറംഗബാദ്) | zic.mh5b@srcm.org |
| 05C | മഹാരാഷ്ട്ര വിദർഭ | ശ്രീ രാജേന്ദ്രൻ രെതിനം(ഫുൽഗാവ്) | zic.mh5c@srcm.org |
| 06A | വടക്കൻ ഗുജറാത്ത് | ശ്രീ രാജേഷ് അഗർവാൾ(അഹമ്മദാബാദ്) | zic.gj6a@srcm.org |
| 06B | തെക്കൻ ഗുജറാത്ത് | ഡോ.സുരേന്ദ്ര ആർ അഗർവാൾ(സൂറത്) | zic.gj6b@srcm.org |
| 07A | പടിഞ്ഞാറൻ രാജസ്ഥാൻ | ശ്രീ വികാസ് മൊഘെ(ജോധ്പൂർ) | zic.rj7a@srcm.org |
| 07B | കിഴക്കൻ രാജസ്ഥാൻ | ശ്രീ മധുകർ കോച്ചർ(ജയ്പൂർ) | zic.rj7b@srcm.org |
| 08A | പടിഞ്ഞാറൻ മദ്ധ്യപ്രദേശ് | ശ്രീ നവീൻ മിശ്ര(ഉജ്ജയിൻ) | zic.mp8a@srcm.org |
| 08B | കിഴക്കൻ മദ്ധ്യപ്രദേശ് | മേജർ ജനറൽ(റി)അനന്ദ് നാരായൺ മുദ്രെ (ജബൽപൂർ) | zic.mp8b@srcm.org |
| 9 | ന്യൂഡൽഹി മെട്രൊ | ശ്രീ സുധീർ മാർവ(ന്യൂഡൽഹി) | zic.dl9@srcm.org |
| 10 | പഞ്ചാബ് | മേജർ ജനറൽ(റി)ഹർഭജൻ സിംഗ്(ചണ്ഡീഗഢ്) | zic.pb10.srcm.org |
| 11A | ജമ്മു കശ്മീർ | ശ്രീ സുരേന്ദർ ശർമ(ജമ്മു) | zic.hpjk11@srcm.org |
| 11B | ഹിമാചൽ പ്രദേശ് | ശ്രീ സുരേന്ദർ ശർമ(ജമ്മു) | zic.hpjk11@srcm.org |
| 12A | യു.പി പടിഞ്ഞാറ് | ശ്രീ അശോക് കുമാർ ഗാർഗ്(മീററ്) | zic.up12a@srcm.org |
| 12B | യു.പി-ഷാഹ്ജഹാൻപൂർ | ശ്രീ പ്രഭാത് കുമാർ സിൻഹ(ബാങ്കി ഗഞ്ച്) | zic.up12b@srcm.org |
| 12C | യു.പി-ലക്നൗ | ശ്രീ ആശീഷ് കുമാർ സിംഗ്(കാൻപൂർ) | zic.up12c@srcm.org |
| 12D | യു.പി-അലാഹബാദ് | ശ്രീ ആശീഷ് കുമാർ സിംഗ്(കാൻപൂർ) | zic.up12d@srcm.org |
| 12E | യു.പി. കിഴക്ക് | ശ്രീ അവധേഷ് സിംഗ്(ഗൊരഖ്പൂർ) | zic.up12e@srcm.org |
| 13 | പശ്ചിമ ബംഗാൾ-കൊൽകത്ത | ശ്രീ അജയ് കുമാർ ഭട്ടർ(കൊൽകത്ത) | zic.wb13@srcm.org |
| 14 | ഒഡിഷ | ശ്രീ ഗാന്ധെർബ ബെഹെറ(ഭുബനേശ്വർ) | zic.or14@srcm.org |
| 15 | അരുണാചൽ പ്രദേശ്, കിഴക്കൻ അസ്സാം, നാഗാലാൻറ് | ശ്രീ ഈശ്വർ പ്രസാദ്(തിൻസൂകിയ) | zic.arnl15@srcm.org |
| 16 | മേഘാലയ, പടിഞ്ഞാറൻ അസ്സാം, ത്രിപുര, മണിപൂർ, മിസോറം | ശ്രീ ധനി ചന്ദ്(ഗോഹട്ടി) | zic.as16@srcm.org |
| 17 | ബിഹാർ | ശ്രീ മനോജ് തിവാരി(റാഞ്ചി/കൊൽകത്ത) | zic.brjh17@srcm.org |
| 18 | ഉത്തരാഖണ്ഡ് | ശ്രീ ഭുപേന്ദ്ര സിംഗ് ഷിഫാൽ(അൽമോറ) | zic.uk18@srcm.org |
| 19 | ഛത്തീസ്ഗഢ് | ശ്രീ ദീപക് ത്യാഗി(റായ്പൂർ) | zic.ct19@srcm.org |
| 20 | ഝാർഖണ്ഡ് | ശ്രീ മനോജ് തിവാരി(റാഞ്ചി/കൊൽകത്ത) | zic.brjh17@srcm.org |
| 21 | ഹര്യാന | ശ്രീ സത്യ നരായൺ മണ്ഡൽ(ന്യൂഡൽഹി) | zic.hr21@srcm.org |
| 22 | സിക്കിം, ഉത്തര-പശ്ചിമ ബംഗാൾ | ശ്രീ രവീന്ദ്ര തെലാംഗ്(ഗാംഗ്ടോക്) | zic.si22@srcm.org |




## ഒക്ടോബർ 2013

ചൈനീസ് സെമിനാർ സമാപിച്ചതിനുശേഷം മാസ്റ്റർക്ക് നല്ല സുഖമില്ലായിരുന്നു. അതുകൊണ്ട് ആളുകളെ കാണുന്നതിന് അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നു. മാറ്റമില്ലാതെ തുടരുന്ന അദ്ദേഹത്തിൻെറ കാലുവേദന ഭേദമാകുന്നതിൻെറ ഒരു ലക്ഷണവും കാണിച്ചില്ല. രണ്ട് ഉപ്പൂറ്റികളിലും വ്രണമുള്ളതിനാൽ മാസ്റ്റർ നടത്തം പൂർണ്ണമായും ഉപേക്ഷിച്ചു. വ്രണങ്ങ ളുണങ്ങുന്നതിനായ് മാസ്റ്ററോട് കാലുകൾ ഉയർത്തിവെച്ചിരിക്കുവാൻ ഡോക്ടർമാർ നിർദ്ദേശിച്ചു.

ഒക്ടോബർ 12ന് പ്രാതൽ കഴിച്ചതിനുശേഷം തിരുവള്ളൂർ ലാൻറ് പ്രോജക്റ്റിനെക്കുറിച്ചുള്ള ഒരു നീണ്ട ചർച്ചയ്ക്കൊടുവിൽ മാസ്റ്റർ 45 മിനുറ്റോളം ഗോൾഫ്കാർട്ടിൽ ആശ്രമം ചുറ്റിസഞ്ചരിച്ചു. നാലുപേർ സഹായിക്കാനുണ്ടായിട്ടുകൂടി ഗോൾഫ്കാർട്ടിൽ കയറാൻ അദ്ദേഹത്തിന് നന്നേ ബുദ്ധിമുട്ടേണ്ടിവന്നു.

വൈകുന്നേരങ്ങളിൽ മാസ്റ്റർ തൻെറ മുറിക്ക് വെളിയിൽ കോട്ടേജിൻെറ പിറകിൽ വെയിൽകായുവാനിരിക്കാറുണ്ടായിരുന്നു.

ഒക്ടോബർ 13ന് മാസ്റ്റർക്ക് നല്ല സുഖമില്ലാത്തതിനാൽ സഹോ. കമലേഷ്പട്ടേൽ സത്സംഗവും തുടർന്ന് ചില വിവാഹങ്ങളും നടത്തി. ദസറവാരാന്ത്യമായതിനാൽ ധാരാളം അഭ്യാസികൾ മണപ്പാക്കം ആശ്രമത്തിലുണ്ടായിരുന്നു. സഹോ. ചക്രപാണി നിയന്ത്രിച്ച ഭഗവത്ഗീതയെപ്പറ്റിയുള്ള ഒരു ചോദ്യോത്തരവേ ള മാസ്റ്ററുടെ കോട്ടേജിൽവെച്ച് നടന്നു. ചോദ്യങ്ങൾക്ക് സഹോ. സാൻസ്ക്രിറ്റ് കണ്ണൻ ഉത്തരം നൽകി. ഭഗവത്ഗീതയും സഹജമാർഗ്ഗവും തമ്മിലുള്ള സാമ്യം കണ്ടെത്തുന്നതിനെ കേന്ദ്രീകരിച്ചായിരുന്നു മിക്ക ചോദ്യങ്ങളും. തൻെറ മുറിയിലിരുന്ന് ചർച്ചകളെല്ലാം വീക്ഷിച്ചുകൊണ്ടിരുന്ന മാസ്റ്റർ മൈക്കിലൂടെ അദ്ദേഹത്തിൻെറ അഭിപ്രായം പറയാൻ തുടങ്ങി. അദ്ദേഹത്തിൻെറ ശബ്ദം കേട്ട എല്ലാവരും അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞു, "ലക്ഷ്യത്തിലെത്തിച്ചേരാൻ എനിക്കറിയാവുന്ന, ഞാൻ പിന്തുടർന്ന ഏറ്റവും ഉറപ്പുള്ള ഏകമാർഗ്ഗം സേവനമാണ്."

പരിപാടി കഴിഞ്ഞ് എല്ലാവരും പിരിഞ്ഞതിനുശേഷം കോട്ടേജ് ഹാ ളിലേയ്ക്ക് വന്ന മാസ്റ്റർ അന്നു രാവിലെ വിവാഹിതരായവരെയും അവിടെ സന്നിഹിതരായിരുന്ന മറ്റ് ചിലരെയും കണ്ടു.

വരാൻ പോകുന്ന പ്രിഫക്റ്റ് സെമിനാറിനെക്കുറിച്ച് മാസ്റ്റർ ഒക്ടോബർ 16ന് വിശദമായി ചർച്ച ചെയ്തു. 'പ്രിഫക്റ്റുകളുടെ ജോലി'യെക്കുറിച്ച് മാത്രമല്ല, 'പ്രിഫക്റ്റുകളുടെ ജീവിത'ത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

**ചൈനീസ് ഭാഷാപഠനം**

ഒരുദിവസം രാവിലെ പ്രാതലിനുശേഷം വളരെ ക്ഷീണിതനായ മാസ്റ്റർ കിടക്കുകയായിരുന്നു. അദ്ദേഹത്തിന് ഉറങ്ങാൻ സാധിച്ചിരുന്നില്ല. രണ്ട് സഹോദരിമാർ അദ്ദേഹത്തെ ചൈനീസ്ഭാഷ പഠിപ്പിക്കാറുണ്ടായിരുന്നു. മാസ്റ്റർ ഉന്മേഷത്തോടെയും ഉത്സാഹത്തോടെയും അതിൽ പങ്കെടുക്കുന്നത് കാണാമായിരുന്നു. പിന്നീടദ്ദേഹം തൻെറ ഓഫിസിലെത്തി. ഭാഷകളിലെങ്ങനെയാണ് അദ്ദേഹത്തിന് ഇത്രയധികം താത്പര്യം ജനിച്ചതെന്ന ചോദ്യത്തിനുത്തരമായി മാസ്റ്റർ പറഞ്ഞു, "നോക്കൂ, ഞാൻ ആളുകളെ സ്നേഹിക്കുന്നു. അതുകൊണ്ട് അവരെക്കുറിച്ചും, അവരുടെ സംസ്കാരത്തെക്കുറിച്ചും അറിയാൻ ഞാനിഷ്ടപ്പെടുന്നു. അവരോടു സംവദിക്കുവാൻ ശ്രമിക്കുന്നതിനായി എനിക്ക് അവരുടെ ഭാഷ പഠിക്കേണ്ടതുണ്ട്."

വൈകുന്നേരം അഭ്യാസികളുടെ വലിയ ഒരു സംഘം കോട്ടേജിൻെറ മുൻവശത്ത് ഒത്തുചേർന്നിരുന്നു. നേരം ഏറെ വൈകിയിരുന്നു. മാസ്റ്റർ വിശ്രമിക്കുന്ന സമയമായിരുന്നതിനാൽ അദ്ദേഹം പുറത്ത് വരാനുള്ള സാധ്യത വിദൂരമായിരുന്നു. 7 മണിയായപ്പോൾ പൊടുന്നനെ മാസ്റ്റർ വെളിയിൽ വന്ന് എല്ലാവരെയും കണ്ടു. ഹിന്ദിയിൽ അദ്ദേഹം സംസാരിച്ചു, "ഈ ആശ്രമത്തിൽ സന്നിഹിതരായിരിക്കുവാൻ വളരെ ദൂരെ നിന്ന് നിങ്ങൾ വന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്. ധാരാളം അഭ്യാസികൾ മണപ്പാക്കം ആശ്രമത്തിൽ ജോലി ചെയ്യുവാനായ് സന്നദ്ധത അറിയിച്ചിട്ടുണ്ട്. എൻെറ നിർദ്ദേശമെന്തെന്നാൽ അഭ്യാസികൾ ആദ്യം ചെയ്യേണ്ടത് തങ്ങളുടെ സ്വന്തം ആശ്രമങ്ങളിൽ ജോലി ചെയ്ത് അവ വൃത്തിയായും വെടിപ്പായും സൂക്ഷിക്കുക എന്നതാണ്. അത് നിങ്ങളുടെ വീടാണ്. ദയവ്ചെയ്ത് അത് വൃത്തിയായി സൂക്ഷിക്കുക. ആന്തരികവും ബാഹ്യവുമായ പരിശുദ്ധി, രണ്ടും ഒരുപോലെ പ്രധാനപ്പെട്ടവയാണ്." സ്നേഹത്തെക്കുറിച്ച് സംസാരിക്കവേ മാസ്റ്റർ ഒരുദാഹരണം പറഞ്ഞു, "കൃഷ്ണൻ ദ്വാരക വിട്ടുപോകുന്ന ദിവസം തനിക്ക് മാത്രമായി പുല്ലാങ്കുഴൽ വായിക്കുവാൻ രാധ കൃഷ്ണനോടാവശ്യപ്പെട്ടു. അപ്പോൾ കൃഷ്ണൻ മറുപടി നൽകി, ഞാൻ എല്ലായ്പ്പോഴും പുല്ലാങ്കുഴലൂതുന്നത് നിനക്കുവേണ്ടിമാത്രമാണ് എന്നാൽ മറ്റുള്ളവരും അത് കേൾക്കുന്നു."

ഒക്ടോബർ 20, ഞായർ

ഗീതാദ്ധ്യയനത്തിന്ശേഷം മാസ്റ്റർ ഫ്രാൻസിലെ നീസിലുള്ള അഭ്യാസികളുമായി വീഡിയോ വഴി ബന്ധപ്പെട്ടു. സഹോ. പോൾ ജോൾ സെമിനാറുകൾ എത്രമാത്രം ഫലവത്തായിരുന്നുവെന്നു വിശദീകരിച്ചു. മാസ്റ്റർ പറഞ്ഞു, "ഈ സെമിനാറുകൾ നിങ്ങളെ മെല്ലെ മെല്ലെ മുന്നോട്ട് നയിക്കുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു." എന്നിട്ടദ്ദേഹം പറഞ്ഞു, "മറ്റുള്ളവരെയും ഇത് ചെയ്യുവാൻ(മുന്നോട്ട് നയിക്കുവാൻ) നിങ്ങളിനി സഹായിക്കണം. ഞാനെല്ലായ്പ്പോഴും പറയാറുള്ളത്പോലെ നാം വളർന്ന് വികസിക്കുന്നത് നമുക്കു



വേണ്ടി മാത്രമായിരിക്കരുത്. ഇത് വളർച്ചയുടെ ഒരു പരമ്പര പോലെയാണ്. "ഇതു പോലുള്ള വളർച്ചയെ അദ്ദേഹമുപമിച്ചത് ഒരു 'പ്രാപഞ്ചിക വൃക്ഷ'ത്തോടാണ്. അങ്ങനെയുള്ള ഒരു വൃക്ഷത്തിൽ ധാരാളം ഇലകളും, ചില്ലകളും തളിരുകളും ഉണ്ടായിരിക്കും. എന്നാലോ അവയെല്ലാം ഒന്നുതന്നെ. അവ വിഭിന്നമല്ല, മറിച്ച് ഒരു വൃക്ഷത്തിൻെറ തന്നെ ഭാഗമാണതെല്ലാം. "അതിനാൽ നാം മനസ്സിലാക്കേണ്ടതെന്തെന്നാൽ നാമെന്തായാണോ മാറ്റപ്പെട്ടിട്ടുള്ളത് അതായി മാറുവാനെ നമുക്ക് കഴിയൂ.". ഇതിനുദാഹരണമായി ഉരകല്ലിനെക്കുറിച്ച് പറഞ്ഞ മാസ്റ്റർ ഇങ്ങനെ അഭിപ്രായപ്പെട്ടു, "എൻെറ ഗുരുനാഥൻ പറയുമായിരുന്നു, ഒരു ഉരകല്ല് ബാക്കിയുള്ളവയെ സ്വർണ്ണമാക്കുകയേയുള്ളൂ. എനിക്ക് വേണ്ടത് ഒരു ഉരകല്ലിനെ മറ്റൊരു ഉരകല്ലാക്കി മാറ്റാൻ പറ്റുന്നതിനേയാണ്. ഈ അർത്ഥത്തിൽ എൻെറ ഗുരുനാഥൻ പറഞ്ഞിട്ടുണ്ട്, 'ഞാൻ ശിഷ്യഗണങ്ങളെയല്ല മറിച്ച് ഗുരുക്കന്മാരേയാണുണ്ടാക്കുന്നത്'. എല്ലാവർക്കും ഗുരുവാകുവാൻ പറ്റില്ല, പക്ഷെ എല്ലാവർക്കും ഗുരുവിനെ പോലെയാകാൻ സാധിക്കും.'' അവസാനമായി അദ്ദേഹം ഇങ്ങനെ പറഞ്ഞു, "ഒരു തരത്തിൽ നിങ്ങളുടെ കൂടെയാകാൻ സാധിച്ചതിൽ ഞാൻ സന്തോഷവാനാണ്, എന്നാൽ മറ്റൊരു വിധത്തിൽ നിങ്ങളോടൊപ്പമാകാൻ സാധിക്കാത്തതിനാൽ എനിക്കത്ര സന്തോഷമില്ല". പിന്നീട് മാസ്റ്റർ പറഞ്ഞു, "ഞാൻ അവിടെയുണ്ട്. എന്നെ വിശ്വസിക്കൂ, എൻെറ ഹൃദയത്തിൽ നിങ്ങളെല്ലാവരോടൊപ്പം ഞാനുണ്ട്".

തൻെറ ആരോഗ്യത്തെക്കുറിച്ചു സംസാരിക്കവെ, തനിക്ക് നല്ല സുഖമില്ലാതിരുന്നിട്ടും കൂടാതെ വൈകി എഴുന്നേറ്റിട്ടും കൂടി താൻ പ്രാതലും മറ്റും കഴിഞ്ഞ് തൻെറ വീൽ ചെയറിൽ സഞ്ചരിക്കുവാൻ തയ്യാറായി എന്നദ്ദേഹം പറഞ്ഞു. പിന്നീടദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടു, "ഇപ്പോൾ നിങ്ങളെന്നെ എപ്പോഴത്തേയും പോലെ ഉന്മേഷവാനായി കാണുന്നു. അപ്പോൾ എനിക്കിത് സാധിക്കാമെങ്കിൽ നിങ്ങൾക്കുമിത് സാധിക്കും. ഇനി മേൽ അസ്വാസ്ഥ്യങ്ങളില്ല, ക്ഷീണത്തെക്കുറിച്ചുള്ള പരാതികളില്ല. നിങ്ങൾക്ക് ക്ഷീണം തോന്നുമ്പോൾ എഴുന്നേൽക്കുക. നിങ്ങൾ വിഷാദരാകുമ്പോൾ നിങ്ങളുടെ വിഷാദത്തിൽ നിന്നും പുറത്ത് കടക്കുക. അതിൽ തന്നെയിരുന്നാൽ അതപകടമാണ്. മനസ്സിൻെറ നിയന്ത്രണമാണ് വേണ്ടത് !"


**ചെന്നൈയിൽ മഴ**

ഒക്ടോബർ 21 മുതൽ 23 വരെ ചെന്നൈയിൽ നല്ല മഴ പെയ്തു, ആ ദിവസങ്ങളിൽ മാസ്റ്റർക്ക് ശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. പ്രാതലിന് ശേഷം വളരെ ക്ഷീണിതനായ അദ്ദേഹത്തിന് ശ്വസിക്കുവാൻ ഓക്സിജനറേറ്ററിൻെറ സഹായം വേണ്ടിവന്നു. മൂന്ന് യോഗങ്ങൾക്ക് അന്ന് പരിപാടിയിട്ടിരുന്നു. എല്ലാവരേയും ഒന്നിച്ച് കാണാമെന്ന് അദ്ദേഹം പറഞ്ഞു പക്ഷെ അവരെല്ലാവരും പല സമയങ്ങളിലായാണ് വന്നത്. ഫ്രാൻസിലെ അഭ്യാസികൾ വന്ന് അവിടെയുള്ള മൂന്ന് ആശ്രമങ്ങളേയും മാസ്റ്റർക്കായി മണപ്പാക്കത്തേയും ബന്ധിപ്പിച്ച് കൊണ്ടുള്ള നാല് വരി വീഡിയോ കോൺഫറൻസിനുള്ള പരിപാടിയെക്കുറിച്ച് സംസാരിച്ചു.

മാസ്റ്റർ പിന്നീട് പുറത്തേക്ക് വന്ന് പരിശീലനത്തിൽ പങ്കെടുക്കുന്ന നിർവാഹകരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. കപട വിനയം ഒഴിവാക്കണമെന്ന് എടുത്ത് പറഞ്ഞ് അദ്ദേഹം വിനയം, ഉദാരത, ലാളിത്യം എന്നീ ഗുണങ്ങൾ ഒരഭ്യാസിക്ക് സ്വാഭാവികമായി ഉണ്ടാകേണ്ടതാണെന്നും സഹജമാർഗ്ഗ പദ്ധതിയുടെ എല്ലാ വശങ്ങളിലും ശ്രദ്ധ ചെലുത്തണമെന്നും പറഞ്ഞു. പ്രഭാഷണത്തിന് ശേഷമൊരു സത്സംഗം നടത്തുവാൻ അദ്ദേഹം തീരുമാനിച്ചു. അപ്പോഴേക്കും പ്രശിക്ഷകരാക്കപ്പെടുവാൻ വന്നവർ അവിടേക്ക് വന്നു. അവരും മാസ്റ്ററുടെ മുൻപിലിരുന്നു. എകദേശം 35 മിനിറ്റ് നീണ്ട സിറ്റിംഗ് അവസാനിച്ചപ്പോഴേക്കും അദ്ദേഹം ശ്വസിക്കുവാൻ പറ്റാത്ത അവസ്ഥയിലായി.

**പ്രശിക്ഷകരുടെ പരിശീലന ശിബിരം**

പ്രശിക്ഷകരെ (പ്രിഫക്ട്) പരിശീലിപ്പിക്കുന്ന രണ്ട് ആഴ്ച്ച നീണ്ടുനിൽക്കുന്ന 'പ്രശിക്ഷകരുടെ പരിശീലന ശിബിരത്തിൽ' പങ്കെടുക്കുവാനായി ഒരു സംഘം അഭ്യാസികൾ എത്തിചേർന്നിരുന്നു. പല സെൻററുകളിൽനിന്നും പ്രശിക്ഷകാരാകുവാനായി ശുപാർശ ചെയ്യപ്പെട്ടവർ ഇവിടെ വന്ന് ഈ പരിപാടിയിൽ പങ്കെടുത്ത് അതിൻെറ അവസാനം അവർ പ്രശിക്ഷകരാക്കപ്പെടുന്ന ഒരു പുതിയ പദ്ധതി ഇപ്പോൾ നിലവിൽ വന്നിട്ടുണ്ട്. രണ്ടാമത്തെ ആഴ്ച്ച പങ്കെടുക്കുന്ന ഇരുപത്തിരണ്ടു പേർക്കും മാസ്റ്ററെ കാണുവാനായി. പ്രശിക്ഷകർക്ക് സഹജമാർഗ്ഗ സിദ്ധാന്തങ്ങൾ പാലിക്കുക എന്നത് ഒരു പ്രതിജ്ഞാബദ്ധത മാത്രമല്ല ഒരു 'ഉടമ്പടി'








ആണെന്നും, കൂടാതെ പ്രശിക്ഷകർ ആദ്യം അഭ്യാസികൾ തന്നെയാണെന്നും അദ്ദേഹം എടുത്ത് പറഞ്ഞു. അവരിൽ എത്രപേർ സാധന മുടങ്ങാതെ ചെയ്യുന്നുണ്ടെന്ന് അദ്ദേഹം ചോദിച്ചു. അവർക്കായി ഒരു മണിക്കൂർ നീണ്ട സത്സംഗം അദ്ദേഹം നടത്തി.

**അഭ്യാസികൾക്കൊപ്പം**

സംസാരിക്കുവാൻ തത്പരനായിരുന്ന അദ്ദേഹം ഇങ്ങനെ പറഞ്ഞു, "ജി.എസ്.ടി നിലവിൽ വന്നപ്പോൾ മിഷനിൽ നടക്കുന്ന കാര്യങ്ങളിൽ നിന്നെല്ലാം എന്നെ അകറ്റി നിർത്തി. എന്നെ ശല്യപ്പെടുത്തരുത് എന്ന ഉദ്ദേശ്യത്തിൽ എന്നെ ഒന്നും അറിയിച്ചിരുന്നില്ല. എന്നാൽ എനിക്ക് ശല്യംചെയ്യപ്പെടുന്നതാണ് ഇഷ്ടം." അഭ്യാസികളേയും നിരന്തരം കാണുവാനാഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. "ചുറ്റിലും ഡോകടർമാരുമൊത്ത് അടച്ചിട്ട മുറിക്കുള്ളിൽ കഴിയുമ്പോൾ എനിക്ക് വളരെയധികം ഏകാന്തത അനുഭവപ്പെടുന്നു."

വൈകുന്നേരത്തെ സത്സംഗിനു ശേഷം മാസ്റ്റർ അദ്ദേഹത്തിൻെറ കോട്ടേജിനു പുറത്തുവെച്ച് വിദേശത്തുനിന്നുള്ള അഭ്യാസികളെ കണ്ടു. അരമണിക്കൂറോളം നീണ്ട സംഭാഷണത്തിനൊടുവിൽ മാസ്റ്റർ പെട്ടെന്നു നിശ്ശബ്ദനായി. മാസ്റ്ററോടൊന്നിച്ച് അഭ്യാസികളും നിശ്ശബ്ദരായപ്പോൾ അത് നിശ്ശബ്ദതയും നിശ്ചലതയും പരിപൂർണ്ണമായും കൈകോർത്ത പോലെയായി. 15-20 മിനുട്ട് നീണ്ട ഈ അവസ്ഥയിൽ പ്രകൃതി പോലും സഹകരിച്ചതു പോലെയായിരുന്നു. അതിനു ശേഷം മാസ്റ്റർ ഫ്രാൻസിലെ മിഷനെ കുറിച്ചു സംസാരിച്ചു.

## നവംബർ 2013

ദീപാവലി ദിനത്തിൽ മാസ്റ്ററുടെ കോട്ടേജിൽ വെച്ച് മിഷൻെറ വർക്കിംഗ് കമ്മിറ്റി യോഗം ചേർന്നു. യോഗത്തിനു മുൻപ് കമ്മിറ്റിയിലെ കുറച്ചുപേർ മാസ്റ്ററെ അദ്ദേഹത്തിൻെറ ഓഫീസിൽ പോയി കണ്ടു. സീതയുടെ വനവാസത്തെക്കുറിച്ച് ദീർഘദർശനം കിട്ടിയ ഋഷി എന്തുകൊണ്ട് അതു മാറ്റാനോ സീതയെ ഈ ദുരന്തത്തിൽ നിന്നും രക്ഷിക്കാനോ ശ്രമിച്ചില്ല എന്നു സഹോ. ജാക്കി മാസ്റ്ററോട് ചോദിച്ചു. "ശ്രീരാമൻെറ ഇച്ഛ അതല്ലാതിരുന്നതിനാലാണ് ഋഷിക്കതു ചെയ്യാൻ കഴിയാതെ പോയത്. മാത്രവുമല്ല, നമ്മുടെ ജനനം ഓരോ സംസ്കാരങ്ങളുമായാണെന്നതിനാൽ ലൗകിക ജീവിത കാര്യങ്ങളിൽ നമുക്ക് മാറ്റം വരുത്താൻ സാധിക്കില്ല. നമ്മൾ പുരോഗതിയെ കുറിച്ച് സംസാരിക്കുമ്പോൾ അത് കൂടുതലും ആത്മീയ പുരോഗതിയെക്കുറിച്ചായിരിക്കണം, അല്ലാതെ സ്വയമേവ ഉണ്ടാവുന്ന ലൗകിക പുരോഗതിയെക്കുറിച്ചല്ല." "തൻെറ ദൈവികതയെ കുറിച്ച് ബോധവാനല്ലാതിരുന്നതിനാൽ ശ്രീരാമനെ അപൂർണ്ണാവതാരമെന്നാണ് കരുതുന്നത്. ശ്രീകൃഷ്ണൻ തൻെറ ദിവ്യത അറിഞ്ഞിരുന്നു. അതുകൊണ്ട്, അതു ബോധതലത്തിൻെറ പരിണാമമാണ്. നമ്മുടെ പ്രാർത്ഥന, ബോധതലത്തിൻെറ ഉന്നമനത്തിനായിരിക്കണം". മാസ്റ്റർ തുടർന്നു.

യോഗനടപടികൾ 2 മണിക്കൂർ സഹോ. കമലേഷ് നിയന്ത്രിച്ചു. കമ്മിറ്റിയിലെ മൂന്നിലൊന്നു വീതം അംഗങ്ങൾ ഒരോ വർഷവും പിരിഞ്ഞ് പുതിയ അംഗങ്ങൾ വരണമെന്ന മാസ്റ്ററുടെ ഉത്തരവ് സഹോ. കമലേഷ് വായിച്ചു. അപ്പോൾ മാസ്റ്റർ തൻെറ വീൽ ചെയറിൽ പുറത്തു വരുകയും ചില കാര്യങ്ങൾ സംസാരിക്കുകയും ചെയ്തു. അതിനു ശേഷം അദ്ദേഹം ഭക്ഷണത്തിനായി പോയി.

**നവംബർ 2-3, ദീപാവലി ആഘോഷങ്ങൾ**

രണ്ട് ദിവസങ്ങളിലും സത്സംഗിനു അയ്യായിരത്തിലധികം അഭ്യാസികൾ പങ്കെടുത്തു. ഇത്രയും ആളുകളെ സ്വീകരിക്കാൻ സംഘാടകർ തയ്യാറായിരുന്നു. ശനിയാഴ്ച്ച മാസ്റ്റർ ധാരാളം അഭ്യാസികളെ തൻെറ മുറിയിൽ വെച്ചു കണ്ടു. അദ്ദേഹം സന്തോഷത്തോടെ എല്ലാവരേയും എതിരേറ്റു. രണ്ടു ദിവസങ്ങളിലും മാസ്റ്റർ സത്സംഗ് നടത്തുകയും സഹോ കമലേഷ് "വിസ്പെർസ് ഫ്രം ബ്രൈറ്റർ വേൾഡ്" ലെ പുതിയ സന്ദേശങ്ങൾ വായിക്കുകയും ചെയ്തു.

നവംബർ അഞ്ചാം തിയ്യതി മാസ്റ്റർ, തെക്കൻ തമിഴ്നാട്ടിലുള്ള വടക്കൻകുളം കേന്ദ്രത്തിൽ നിന്നും വന്ന അഭ്യാസികളെ കാണുകയും അവരിൽ നിന്നും അവിടെ നിർമ്മിച്ച ആശ്രമത്തിൻെറ പേപ്പറുകൾ സ്വീകരിക്കുകയും ചെയ്തു.

8-ാം തീയതി, സദാചാരത്തെയും ധാർമ്മികതയെയും വിഷയമാക്കി മാസ്റ്റർ സഹോ. കമലേഷുമൊത്ത് ചർച്ച

നടത്തി. മിഷനെതിരെയുള്ള കേസുകളുടെ എണ്ണത്തെക്കുറിച്ച് ചിന്താകുലനായിരുന്ന അദ്ദേഹം അവ തൻെറ അനന്തരാവകാശിക്ക് കൈമാറുവാൻ ആഗ്രഹിച്ചിരുന്നില്ല.

**ഒമേഗ കുട്ടികളുടെ കൂടെ**

ദേശീയതലത്തിൽ ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കാൻ ചെല്ലുന്ന ഒമേഗ കുട്ടികളുമൊത്ത് നവംബർ 9-ാം തീയതി മാസ്റ്റർ കുറച്ച് സമയം ചിലവഴിച്ചു. അദ്ദേഹം അവരെ അഭിനന്ദിക്കുകയും ആശംസിക്കുകയും ചെയ്തു. അദ്ദേഹം അവരോടു പറഞ്ഞു, “നിങ്ങൾ കളിക്കുവേണ്ടി മാത്രം കളിക്കുക. വിജയിക്കുന്നതിലല്ല കാര്യം. രണ്ടുപേർ കളിക്കുമ്പോൾ എങ്ങനെയായാലും ഒരാൾ തോൽക്കണം. പക്ഷേ അതിലെ സ്പോർട്സ്മാൻഷിപ്പാണ് പ്രധാനം”.

**ഫ്രെഞ്ച് സെമിനാർ**

നവംബർ 10, ഞായറാഴ്ച മാസ്റ്റർക്ക് ഒരേസമയം നീസ്, മോണ്ട്പെല്ലീർ, പാരിസ് എന്നീ ആശ്രമങ്ങളിൽ നിന്നുള്ള അഭ്യാസികളുമായി വിഡിയോ കോൺഫറൻസ് നടത്തുവാൻ സാധിച്ചു. ഇത് അദ്ദേഹത്തിൽ മതിപ്പുളവാക്കി. ഭാവിയിൽ ഇനിയും കുറെ ആശ്രമങ്ങളെ കാണാനും അവരെയെല്ലാം പരിചയപ്പെടാനും സാധിക്കുന്ന ഒരു ദിവസംവരും എന്ന് അദ്ദേഹം പറഞ്ഞു. ഒരു ചെറിയ പ്രസംഗത്തിനും സത്സംഗത്തിനും ശേഷം പരിപാടി കഴിഞ്ഞു. വൈകുന്നേരം പരിപാടി ഓഡിറ്റോറിയം ബ്ലോക്കിൽ വച്ചു തുടരുകയും സഹോ. കമലേഷ് മൂന്ന് ആശ്രമങ്ങളിലെയും അഭ്യാസികളെ അഭിസംബോധന ചെയ്യുകയും ചെയ്തു. അവിടെ ഒരു ചോദ്യോത്തര വേളയായിരുന്നു അടുത്തത്. ഏകീകരിച്ച പത്ത് ചോദ്യങ്ങൾക്ക് സഹോ. കമലേഷ് മറുപടി നൽകി



**സഹോ. മാധവയുടെ വീട്ടിൽ**

നവംബർ പതിനൊന്നാം തിയ്യതി മുതൽ പതിനെട്ടാം തിയ്യതി വരെ ആശ്രമത്തിനു തൊട്ടുപുറകിലുള്ള സഹോ. മാധവയുടെ വീട്ടിൽ മാസ്റ്റർ താമസിച്ചു. ഈ മാറ്റം മാസ്റ്റർക്ക് സന്തോഷം നൽകി. പതിനൊന്നാം തിയതി വൈകുന്നേരം മാസ്റ്റർക്ക് വേണ്ടി ഒരു പ്രത്യേക പരിപാടി ഒരുക്കിയിരുന്നു. റഷ്യൻ ഫെഡറേഷൻെറ കോൺസൽ ജനറൽ നികോലയും ഈ പരിപാടിയിൽ ക്ഷണിക്കപ്പെട്ടിരുന്നു. മാസ്റ്റർ അദ്ദേഹത്തെ ശരിയായി സ്വീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. റഷ്യയിൽ നിന്നുള്ള ഒരു കലാകാരി മണികളും ചെമ്പിൻെറ ഫലകങ്ങളും കൊണ്ട് നാദമുണ്ടാക്കുന്ന റഷ്യൻ സിംഗിംങ്ങ് ബെൽസ് കാഴ്ചവെച്ചു.

സഹോ. മാധവയുടെ വീട്ടിലായിരുന്നപ്പോൾ അദ്ദേഹം രാവിലെ തൻെറ ജോലികൾ തീർത്തതിനുശേഷം അവിടെയുള്ളവർക്കായി സത്സംഗം നടത്തും. വൈകുന്നേരം വിശ്രമത്തിനു ശേഷം മറ്റു സെൻററുകളിൽ നിന്നു വന്ന അഭ്യാസി സംഘങ്ങൾക്ക് സിറ്റിംഗ് നൽകും. അദ്ദേഹം അവരുമായി കൂടിക്കാഴ്ച നടത്തുകയും



ഫിസിയോതെറാപ്പിക്കു ശേഷം കിടപ്പുമുറിയിലേക്ക് മടങ്ങുകയും ചെയ്യും. മാസ്റ്റർക്ക് അവശ്യം വേണ്ടിയിരുന്ന വിശ്രമം ഇതു വഴി ലഭിക്കുകയും എന്നാൽ അതേസമയം അഭ്യാസികളോടൊപ്പം സമയം ചിലവഴിക്കാൻ സാധിക്കുകയും ചെയ്തു. 18-ാം തിയ്യതി അദ്ദേഹം ആശ്രമത്തിലേക്ക് മടങ്ങി.

**ദിനചര്യയിലേക്ക് മടക്കം**

നവംബർ 30 ശനിയാഴ്ച: രാവിലെ മാസ്റ്റർ ചർച്ചകളിലും ജോലികളിലും മുഴുകിയിരുന്നു. ഒറ്റയടിക്ക് കുറേ മിഷൻ പുസ്തകങ്ങൾ വാങ്ങിക്കുക എന്ന ഭാരം അഭ്യാസികളുടെ ചുമലിൽ വീഴാതിരിക്കുന്നതിനായി പ്രസിദ്ധീകരണങ്ങൾ ഇടവേളകൾ നൽകി പ്രകാശനം ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

വിഷയം പിന്നെ വരും വർഷത്തിലെ ആഘോഷങ്ങളെപ്പറ്റിയുള്ള ചർച്ചയിലേക്കു തിരിഞ്ഞു. പൂജ്യലാലാജിയുടെയും പൂജ്യ ബാബുജിയുടെയും ജന്മ വാർഷികാഘോഷങ്ങൾ തിരുപ്പൂരിൽ വച്ചും മാസ്റ്ററുടെ ജന്മദിനം തിരുവള്ളൂരിലെ പുതിയതായി ലഭിച്ച സ്ഥലത്തു വച്ചും നടത്താനുള്ള തീരുമാനത്തിലേക്ക് വഴിതെളിച്ചു.

**യാത്രക്കുള്ള വ്യഗ്രത**

മാസ്റ്റർ വീണ്ടും യാത്ര ചെയ്യാനായി ആഗ്രഹിക്കുന്നുണ്ടെന്നു




വ്യക്തമാണ്. സഹോ.കമലേഷ് പട്ടേലും മറ്റു ചിലരുമായി നടത്തുന്ന മീറ്റിങ്ങുകളിൽ യാത്രക്കായുള്ള അതികാംക്ഷ ഇടക്കിടക്കു പുറത്തുവരാറുണ്ട്. അദ്ദേഹം സഹോ.കമലേഷിനോടു പറഞ്ഞു, “ഞാൻ നല്ല ആരോഗ്യ സ്ഥിതിയിലായാൽ ഞാനും നിങ്ങളും വടക്കൻകുളത്തേക്കു പോവണം, ഞാൻ ഇപ്പോൾ നല്ല ആരോഗ്യസ്ഥിതിയിലാണ്, പക്ഷെ എനിക്കു ഊന്നുവടിയുടേയും പിന്നെ ഒരാളുടെ കൈപിടിച്ചു കൊണ്ടും കുറച്ചടികൾ വയ്ക്കാറാവണം, എനിക്കു അസുഖം വരുന്നതിനു മുൻപുണ്ടായിരുന്ന പോലെ. അദ്ദേഹം യാത്രക്ക് വിവിധ രീതികൾ പരിഗണിച്ച് അവസാനം റോഡ് വഴിയുള്ള യാത്ര തിരഞ്ഞെടുക്കുകയും യാത്രാമാർഗം വരച്ചു കാട്ടുകയും ചെയ്തു.

വേറൊരു അവസരത്തിൽ, അദ്ദേഹം മിൻസ്ക്-ലേക്കു യാത്ര ചെയ്യുന്ന കാര്യം സംസാരിച്ചു. അദ്ദേഹത്തെ അനുഗമിക്കേണ്ടവരുടെ പട്ടികയും അദ്ദേഹം തയ്യാറാക്കി. അദ്ദേഹം ഷാജഹാൻപൂർ സന്ദർശിക്കുവാനും ആഗ്രഹിക്കുന്നു വെന്നും, പക്ഷെ അതു മുന്നറിയിപ്പില്ലാതെയാവുമെന്നും. അങ്ങിനെയല്ലെങ്കിൽ ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ സാധ്യമാവില്ലെന്നും പറഞ്ഞു.

**ജോലി ചെയ്യാനുള്ള താത്പര്യം**

ഇതേ ഉത്സാഹമാണ് അദ്ദേഹത്തെ യാതൊരു ദയയുമില്ലാതെ തന്നിൽ ജോലി കുന്നുകൂട്ടാൻ പ്രേരിപ്പിക്കുന്നത്. എസ്എം എസ്എഫ്-ൻെറ കാര്യങ്ങൾ ഒരു ഭാരവാഹികളേയും വയ്ക്കാതെ എന്തിനാണു സ്വയം ചെയ്യുന്നതെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, “എനിക്കെല്ലാം ചെയ്യുവാൻ സാധിക്കും.”. “ഞാൻ ജീവിക്കുന്നതു തന്നെ ജോലി ചെയ്യുവാൻ വേണ്ടിയാണ്. ജോലി ചെയ്യില്ലെങ്കിൽ ഞാൻ അഞ്ചു വർഷം മുൻപു തന്നെ മരിച്ചിട്ടുണ്ടാവും.”, എന്നു കൂടി കൂട്ടിച്ചേർത്തു.

**മാസ്റ്ററുടെ പുതിയ സംരംഭം - തിരുവള്ളൂർ**

മാസ്റ്റർ സഹോ.കൃഷ്ണയെ തിരുവള്ളൂരുള്ള സ്ഥലം (113 ഏക്കർ) നോക്കിനടത്താനും ജൂലൈ 2014-ലെ തൻെറ പിറന്നാൾ സംഘടിപ്പിക്കുവാനും ഏൽപ്പിച്ചു. മാസ്റ്റർ എസ്എം എസ്എഫ്-ൻെറ പ്രവർത്തന സംരംഭങ്ങളുടെ പുരോഗതിക്കും, ധാരാളം വെള്ളം ലഭിക്കുന്ന ഭൂമിയിൽ തുടർച്ചയായി കൃഷി ചെയ്യുവാൻ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട്.

സഹജ് സന്ദേശ് നമ്പർ 2013.54

ബുധൻ, 18 ഡിസംബർ 2013.

പ്രിയ സഹോദരി സഹോദരരെ.

ഈ വർഷത്തിൽ (2014), 3 പ്രധാന ചടങ്ങുകൾക്കാണു പദ്ധതിയിട്ടിരിക്കുന്നത്, അതായതു, ലാലാജി മഹാരാജിൻെറ ജന്മദിന ആഘോഷം (നാലു ദിവസം - ഫെബ്രുവരി 1, 2, 3, 4 തിയ്യതികളിൽ), ബാബുജി മഹാരാജിൻെറ ജന്മദിന ആഘോഷം ഏപ്രിൽ 29, 30, മെയ് 1 എന്നീ തിയ്യതികളിൽ, രണ്ടും ഇന്ത്യയിലെ തിരുപ്പൂരിൽ വച്ച്; നിലവിലുള്ള പ്രസിഡൻറിൻെറ ജന്മദിന ആഘോഷം ചെന്നൈക്ക് അടുത്തുള്ള തിരുവള്ളൂരിൽ വച്ചു ജൂലൈ 23, 24, 25 എന്നീ തിയ്യതികളിലും. അവസാനം സൂചിപ്പിച്ച ആഘോഷം നടത്തുവാനിരിക്കുന്നതു അടുത്തിടെ ഏറ്റെടുത്ത തിരുവള്ളൂരുള്ള രൂപപരിണാമം നടത്തിക്കൊണ്ടിരിക്കുന്ന കൃഷിസ്ഥലത്താണ്.

ഞാൻ സൂചിപ്പിക്കുന്നത്, ധാരാളം ചിലവുകളുള്ള ഈ ദിവസങ്ങളിൽ, അഭ്യാസികൾ ഈ മൂന്ന് ആഘോഷങ്ങളിൽ ഏതെങ്കിലുമൊന്നു തിരഞ്ഞെടുത്തു അതിനു കഴിയുന്നതും വേഗം രജിസ്റ്റർ ചെയ്താൽ ഓരോ ആഘോഷങ്ങളിലും എത്ര അഭ്യാസികൾക്കായുള്ള ഒരുക്കങ്ങൾ ആസൂത്രണം ചെയ്യണം എന്നറിയാൻ കഴിയും.

ഇതു അഭ്യാസികൾക്കു അവരുടെ കുടുംബത്തെ കൂടെ കൊണ്ടുവരുവാൻ അവസരം ലഭിക്കുകയും, അതേ സമയം എല്ലാ മൂന്നു ആഘോഷങ്ങൾക്കും പങ്കെടുക്കണമെന്നുള്ള അഭ്യാസിക്കു അവരുടെ കുടുംബത്തെ കൊണ്ടുവരാൻ ബുദ്ധിമുട്ടാവുകയും ചെയ്യും. ദയവു ചെയ്തു ഈ അപേക്ഷ ഗൗരവമായി എടുത്തു കഴിയുന്നതും വേഗം എതെങ്കിലും ഒരു ആഘോഷത്തിനു രജിസ്റ്റർ ചെയ്യുക.

ഇവയിൽ പങ്കുചേരാൻ കഴിയാത്ത അഭ്യാസികൾക്ക് അവരുടെ അതാതു സെൻററുകളിൽ പങ്കെടുക്കാം. അങ്ങിനെയുള്ള സ്ഥിതിയിൽ, ആഘോഷങ്ങൾ ഒരു ദിവസത്തേക്കു മാത്രമായിരിക്കും, അതായതു ഫെബ്രുവരി 2, ഏപ്രിൽ 30 പിന്നെ ജൂലൈ 24-ഉം. പതിവുപോലെ അഭ്യാസികളോടു അവർക്കു കഴിയുമെങ്കിൽ അവരുടെ അടുത്തുള്ള ആശ്രമങ്ങളിൽ പങ്കെടുക്കുവാനും ആവശ്യപ്പെടുന്നു. അല്ലെങ്കിൽ, ഇന്നത്തെ സാമ്പത്തിക സ്ഥിതികൾ കണക്കിലെടുത്തു കൊണ്ടു വീട്ടിൽ ഇരുന്നാലും മതിയാകുന്നതാണ്.

എല്ലാവർക്കും അനുഗ്രഹങ്ങൾ.

പി. രാജഗോപാലചാരി.

**പുതിയ നിയമനങ്ങൾ**

സഹോ. പൂരൻമാൾ ബൈന്ദാ

ആശ്രം മാനേജർ, ജയ്പൂർ.

## പ്രിഫെക്റ്റുകളുടെ സമ്മേളനം

### പുതിയ പ്രിഫെകുകൾക്കായുള്ള ശിൽപശാല, മണപ്പാക്കം



പ്രിഫെക്റ്റുകളുടെ സേവന നിലവാരമുയർത്തുന്നതിനും അവരെ അതിനായി തയ്യാറാക്കുന്നതിനുമായി മാസ്റ്റർ ഒരു പുതിയ പരിശീലന പരിപാടി രൂപകൽപന ചെയ്തു. രണ്ടാഴ്ച്ചത്തെ പരിശീലനത്തിലൂടെ അപേക്ഷകർ ആഴത്തിലുള്ള അറിവും, സമർപ്പണബോധവും ഉദ്ദേശശുദ്ധിയുമുള്ളവരാക്കപ്പെടുന്നു. ഇരുപതുപേർ വീതമുള്ള രണ്ട് സംഘങ്ങൾ ഈ പരിശീലനപരിപാടി മണപ്പാക്കത്തിൽ ഒക്ടോബറിലും ഡിസംബറിലും പൂർത്തീകരിക്കുകയും പ്രിഫെക്റ്റായുള്ള സേവനത്തിന്ന് സമ്മതം നേടുകയും ചെയ്തു. അപേക്ഷകർ രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും വന്നവരും പലരും പ്രിഫെക്റ്റുകൾ ഇല്ലാത്ത സെൻററിൽനിന്നും വന്നവരുമായിരുന്നു. മാസ്റ്റർ അവർ ഓരോരുത്തരേയും സിറ്റിംഗ് നൽകുവാനും വ്യക്തിപരമായി സംസാരിക്കുവാനും പ്രിഫെക്റ്റായിട്ടുള്ള ഭാവി ജീവിതത്തിലേക്കു തയ്യാറാക്കുവാനുമായി ധാരാളം സമയം ചിലവഴിച്ചു.

### ലക്ക്നൊ, ഉത്തർ പ്രദേശ്

നവംബർ 20 മുതൽ 24 വരെ നടത്തപെട്ട “ഡീപ്പെനിംഗ് പ്രിഫെക്റ്റ്സ്‘ എക്സ്പീരിയൻസ്” എന്ന പരിപാടിയിൽ നാല് സോണുകളിൽനിന്നും, അതായത് എൻസിആർ, ഉത്തർഖാണ്ട്, യു.പി (വെസ്റ്റ്), യു.പി.(സെന്ററൽ) എന്നീ സോണുകളിൽനിന്നും എൺപത്തെട്ട് പ്രിഫെക്റ്റുകൾ പങ്കെടുത്തു. പരിപാടി പ്രഭാഷണങ്ങൾ കേൾക്കുന്നതിനേക്കാളേറെ ആത്മപരിശോധനകൾക്കും, അനുഭവങ്ങൾ പങ്കുവെക്കുന്നതിനും ഊന്നൽ നൽകി. മാസ്റ്ററുടെ വിവിധ പ്രഭാഷണങ്ങൾ അവതരിപ്പിച്ചത് പങ്കെടുത്തവർക്ക് ആത്മപരിശോധനക്കും കാര്യങ്ങൾ മനസ്സിലാക്കുന്നതിനും സഹായകമായി. പങ്കെടുത്തവരുടെ മുഖങ്ങൾ തിളങ്ങുന്നതിൽനിന്നും പരിപാടിയുടെ ലക്ഷ്യം കണ്ടെത്താൻ പറ്റിയിരുന്നു. അവരെല്ലാവരും സമ്പൂർണ്ണ മനുഷ്യന്മാരായിതീരുവാനും ശരിയായ അഭ്യാസികളാകുവാനും, ഉത്തമ പ്രിഫെക്റ്റുകളാകുവാനും ഉറച്ച തീരുമാനമെടുത്തു.

### സോണീപത്, ഹരിയാന

2013 നവംബർ 10-ാം തീയ്യതി ഹരിയാനയിലെ സോണീപത് ആശ്രമത്തിൽ പതിമൂന്ന് പ്രിഫെക്റ്റ്കൾക്കായി ഒരു യോഗം നടത്തപ്പെട്ടു. സഹോ.കമലേഷ് നടത്തിയ സൊണൽ ഇൻ ചാർജ് യോഗത്തിൽ അവതരിക്കപ്പെട്ട പല വിഷയങ്ങളും ചർച്ച ചെയ്തു. യോഗം ഉച്ചക്ക് 1 മണി വരെ തുടരുകയും ഉച്ചയൂണിനുശേഷം പിരിയുകയും ചെയ്തു.

### ലൂധിയാന, പഞ്ചാബ്

നവംബർ 17-ാം തീയ്യതി ലൂധിയാനയിൽ പഞ്ചാബ്, ചാൻഡിഗർ, അംബാല, മണ്ടി ദാബ്വാലി എന്നിവടങ്ങളിൽനിന്നുള്ള പ്രിഫെക്റ്റകളുടെ ഒരു യോഗം നടത്തപെട്ടു. സുമാർ ഇരുപത് പ്രിഫെക്റ്റുകൾ യോഗത്തിൽ പങ്കെടുത്തു. സോണൽ ഇൻ ചാർജ് സഹോ. മേജർ ജനറൽ (റിട്ടയേർഡ്) ഹർഭജൻ സിംഗ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. സോണൽ ഇൻ ചാർജ് ഈ സോണിലെ അഭ്യാസികളേയും പ്രിഫെക്റ്റുകളേയും പ്രോത്സാഹിപ്പിക്കുവാനും അവരുടെ ആത്മവിശ്വാസം വളർത്തുവാനും ഉതകുന്ന കാര്യങ്ങളിൽ കേന്ദ്രീകരിച്ചു. വിവിധ സന്നദ്ധ സേവനങ്ങൾ, പരിശീലനപരിപാടികൾ, പുസ്തക പാരായണം, മാസാമാസമുള്ള പ്രിഫെക്റ്റ് യോഗങ്ങൾ, മിഷൻെറ പരിപാടിയിൽ കുട്ടികളുടെ പങ്കെടുക്കൽ, ചുറ്റുപാടും നടക്കുന്ന കാര്യങ്ങളെക്കുറിച്ച് അനൗപചാരിക ചർച്ചകൾ മുതലായ കാര്യങ്ങളിൽ ചർച്ചകൾ നടന്നു. സോണൽ ഇൻ ചാർജ് നൽകിയ സന്ദേശം പങ്കെടുത്തവർ ശരിയായരീതിയിൽ ഉൾക്കൊണ്ടു.





## മിഷൻ ഭാരവാഹികളുടെ പര്യടനം

### സോണൽ ഇൻ ചാർജിൻെറ തെക്കൻ തമിഴ്നാട് സെൻററുകളിലെ സന്ദർശനം

ഒക്ടോബർ 19ന് ശ്രീവില്ലിപുത്തൂരിലെത്തിയ സഹോ. എൻ പ്രകാശും സോണൽ ഇൻചാർജ്ജ് സഹോ. ടി.വി.വിശ്വനാഥറാവുവും





അഭ്യാസികളോടൊപ്പം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. അതിനുശേഷം ആശ്രമത്തിൻെറ വളർച്ചയ്ക്കായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് ചർച്ച നടന്നു. പിന്നീടവർ പ്രിഫക്റ്റുമാരുടെ ഒരു സംഘത്തോടൊപ്പം കലാസലിംഗം യൂണിവേർസിറ്റി സന്ദർശിച്ച് 70 എംബിഎ വിദ്യാത്ഥികൾക്കായി ഒരു പൊതുസദസ്സ് സംഘടിപ്പിച്ചു. ഈ പൊതുസദസ്സ് മുഴുവൻ കോളേജുകളിലും സംഘടിപ്പിക്കണമെന്നും താത്പര്യമുള്ള വിദ്യാർത്ഥികൾക്കായി സഹജമാർഗ്ഗത്തെക്കുറിച്ച് ഒരാഴ്ച നീളുന്ന സെമിനാർ നടത്തണമെന്നും യൂണിവേർസിറ്റിയുടെ വൈസ്-ചാൻസിലറും രജിസ്ട്രാറും നിർദ്ദേശിച്ചു.

സംഘം പിന്നീട് രാജപാളയം സന്ദർശിക്കുകയും സത്സംഗത്തിനുശേഷം ഒരു അനൗദ്യോഗികചർച്ച നടത്തുകയും ചെയ്തു. പിന്നീടവർ രാത്രിയിൽ തങ്ങുവാൻ വിരുദുനഗറിലേക്ക് യാത്ര തിരിച്ചു. ഒക്ടോബർ 20ന് രാവിലെ സത്സംഗം കഴിഞ്ഞതിനുശേഷം വിരുദുനഗർ, അറുപ്പുക്കോട്ടൈ എന്നീ സെൻററുകളിലെ അഭ്യാസികൾക്കായി ആശ്രമാന്തരീക്ഷം നിലനിർത്തുന്നതിനൂന്നൽ നൽകിയ ഒരു മീറ്റിംഗ് സംഘടിപ്പിച്ചു. രാവിലെ പതിനൊന്നുമണിയോടെ സഹോ.റാവുവും സഹോ.പ്രകാശും തിരുപ്പൂരിലേയ്ക്ക് യാത്ര തിരിച്ചു.

### ജോയിൻറ് സെക്രട്ടറിയുടെ (തെക്കൻ) തമിഴ്നാട് സന്ദർശനം

നവംബർ 22ന് സഹോ. എ.പി.ദുരൈ (ജോയിൻറ് സെക്രട്ടറി) മനമധുരൈ, ശിവഗംഗൈ, മേലൂർ എന്നീ സെൻററുകൾ സന്ദർശിച്ച് സത്സംഗം നടത്തി. ചർച്ചകളിൽ സജീവമായി പങ്കെടുക്കുവാനും സാധന ചെയ്യുമ്പോഴുണ്ടാകുന്ന അനുഭവങ്ങൾ പങ്കുവെക്കുവാനും അഭ്യാസികളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

നവംബർ 23ന് അദ്ദേഹം ശ്രീവില്ലിപുത്തൂർ സന്ദർശിച്ചു. സത്സംഗത്തിനുശേഷം അദ്ദേഹം നൽകിയ പ്രഭാഷണത്തിൽ സഹജമാർഗ്ഗം പരിശീലിക്കുമ്പോൾ മതം, ഭാഷ, ജാതി, വിശ്വാസപ്രമാണങ്ങൾ, സംസ്ക്രീതി എന്നിവയിൽനിന്ന് അകലം പാലിക്കേണ്ടത്തിൻെറ ആവശ്യകതയെക്കുറിച്ച് പറഞ്ഞു. സഹജമാർഗ്ഗത്തെക്കുറിച്ച് സംസാരിക്കുവാനും നിരന്തരസ്മരണ പരിശീലിക്കുവാനും അദ്ദേഹം അഭ്യാസികളെ പ്രോത്സാഹിപ്പിച്ചു. വൈകുന്നേരം ഏകദേശം 4 മണിക്ക് അദ്ദേഹം പശ്ചിമഘട്ടത്തിൻെറ അടിവാരത്തുള്ള സേതുനാരായണപുരം എന്ന ഗ്രാമത്തിൽവെച്ച് ഇരുപത്പേർക്കായി ഒരു പൊതുസദസ്സ് നടത്തി. പിന്നീട് അദ്ദേഹം പെരൈയൂർ സബ്സെൻററിലേയ്ക്ക് പോയി. സത്സംഗവും ചർച്ചയും നടത്തിയശേഷം മധുരൈയിലേയ്ക്ക് മടങ്ങുകയും ചെയ്തു.

24ന് അദ്ദേഹം മധുരൈ ആശ്രമത്തിൽ വെച്ച് മധുരൈയിലെയും സമീപസെൻററുകളിലെയും 560 അഭ്യാസികൾക്കായി സത്സംഗം നടത്തി. രാവിലെ പൊതുചർച്ചകളും, 'പിക്ക് ആൻറ് ടോക്ക്'(ഒരു വിഷയം തെരഞ്ഞെടുത്ത് അതിനെപ്പറ്റി സംസാരിക്കുക) എന്ന പരിപാടിയും ഉണ്ടായിരുന്നു. ഉച്ച തിരിഞ്ഞപ്പോൾ അദ്ദേഹം യുവാക്കളോട് സഹജമാർഗ്ഗത്തിൻെറയും തങ്ങളുടെ സ്വന്തം സെൻററുകളുടെയും ഉന്നമനത്തിനായുള്ള പദ്ധതികളെക്കുറിച്ച് സംസാരിക്കുവാനാവശ്യപ്പെട്ടു. സത്സംഗത്തോടെ മുഴുദിനപരിപാടി അദ്ദേഹം അവസാനിപ്പിച്ചു.

### സഹോദരൻ രാജേഷ് റാത്തോഡിൻെറ ഉത്തരകർണാടക സന്ദർശനം

സോൺ-4എ (ഉത്തരകർണാടക)യിലുൾപ്പെടുന്ന റായിച്ചൂർ, ഷൊറാപ്പൂർ, ഹംനാബാദ്, ബിദർ, ഗുൽബർഗ്ഗ എന്നിവിടങ്ങളിൽ സഹോദരൻ രാജേഷ് റാത്തോഡ് നവംബർ 15 മുതൽ 17 വരെ സന്ദർശനം നടത്തി. ആറ് അഭ്യാസികൾക്കൊപ്പം ഇവിടം സന്ദർശിച്ച അദ്ദേഹം സത്സംഗം നടത്തിയശേഷം അഭ്യാസികളെ അഭിസംബോധന ചെയ്തു.

നവംബർ 17ന് ഗുൽബർഗ്ഗയിലെയും സമീപ സബ്-സെൻററുകളിലെയും 250 അഭ്യാസികൾക്കായി ഒരു മുഴുദിനപരിപാടി ഗുൽബർഗ്ഗ ആശ്രമത്തിൽ സംഘടിപ്പിച്ചിരുന്നു. മൂന്ന് സത്സംഗങ്ങളുണ്ടായിരുന്നു. സഹോ. രാജേഷ് ഒരു പ്രഭാഷണം നടത്തി. അതിനുശേഷം ഒരു ചർച്ചയും പ്രിഫക്റ്റുമാരുടെ യോഗവും ഉണ്ടായിരുന്നു. പരിപാടിയിൽ പങ്കെടുക്കുവാൻ കഴിഞ്ഞതിലുള്ള തങ്ങളുടെ ആനന്ദം എല്ലാ സെൻററുകളിലെയും അഭ്യാസികൾ പങ്കുവെച്ചു. പല അഭ്യാസികൾക്കും മാസ്റ്ററുടെ സാനിധ്യവും സ്നേഹവും അന്തരീക്ഷത്തിൽ നിറഞ്ഞുനിന്നതായി അനുഭവപ്പെട്ടു.



## യെമ്മിഗനൂർ ആശ്രമത്തിൻെറ ഉദ്ഘാടനം



നവംബർ 3, ദീപാവലി ദിനത്തിൽ പൂജ്യ മാസ്റ്റർ ആന്ധ്രയിലെ യെമ്മിഗനൂർ ആശ്രമത്തിൻെറ ഉദ്ഘാടനം നിർവഹിച്ചു. ആന്ധ്രയിലെ കർനൂൽ ജില്ലയിലാണ് ഈ ആശ്രമം നിലകൊള്ളുന്നത്. 2007-ഇൽ സഹോ.അജയ് ഭട്ടറാണ് ഇതിന് തറക്കല്ലിട്ടത്. 2.5 ഏക്കർ വിസ്തൃതിയുള്ള ആശ്രമത്തിന് ചുറ്റും ഏഴ് അടി പൊക്കമുള്ള മതിലുണ്ട്. ഏകദേശം 400 അഭ്യാസികൾക്കിരിക്കാവുന്ന ഒരു ധ്യാനമന്ദിരമാണ് ഇവിടെയുള്ളത്. കൂടാതെ ഒരു അടുക്കളയും കുളിമുറികളും ശൗചാലയങ്ങളുമുണ്ട്. അഡോണി റോഡിൽ സ്ഥിതി ചെയ്യുന്ന ഈ ആശ്രമത്തിലെക്ക് റോഡ്-റെയിൽ മാർഗ്ഗങ്ങളിലൂടെ സൗകര്യപൂർവ്വം എത്തിച്ചേരാം. ആശ്രമത്തിന് ചുറ്റും 6 ഏക്കറോളം വരുന്ന അഭ്യാസികളുടെ കോളനിയാണ്. ഇതിൻെറ നിർമ്മിതിയിൽ വളരെ സന്തോഷവാനായ മാസ്റ്റർ അഭ്യാസികളുടെ പ്രയത്നത്തെ അഭിനന്ദിച്ചു.

## പ്രാദേശിക സമ്മേളനം, ഉത്തര കർണ്ണാടക

ഒക്ടോബർ 27-ന് ബാസവകല്യാണിലെ ശിവയോഗി കോളേജിൽ



നടന്ന പ്രാദേശിക സമ്മേളനത്തിൽ ബാസവകല്യാൺ, ബീദർ, ഹംനബാദ്, ഭൽകി, താനകുഷ്നൂർ, ഗുൽബർഗ എന്നിവടങ്ങളിൽ നിന്നുള്ള 140-ഓളം അഭ്യാസികൾ പങ്കെടുത്തു. ഇതിൻെറ പ്രധാന ഉദ്ദേശ്യം പ്രാദേശിക അഭ്യാസികൾക്ക് കുറച്ച് ഉത്സാഹം പകരലും കൂടാതെ സഹജമാർഗ്ഗത്തെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാക്കാനും കൂടിയാണ്. കാലത്തെ സത്സംഗത്തിന് ശേഷം കുറച്ച് അഭ്യാസികളുടെ പ്രഭാഷണങ്ങളുണ്ടായിരുന്നു. പിന്നീട് അഭ്യാസികളും കുട്ടികളും ചേർന്നൊരു കലാപരിപാടി അവതരിപ്പിച്ചു. ഉച്ചക്ക് പരിശീലനത്തിന് താൽപര്യം പ്രകടിപ്പിച്ച 35 പേർക്കായൊരു തുറന്ന ചർച്ച നടത്തി. ഉച്ചഭക്ഷണത്തിന് ശേഷം മാസ്റ്ററുടെ വീഡിയോ പ്രദർശനവും ശേഷം അഭ്യാസികളുടെ സംശയനിവാരണത്തിനായി ഒരു ചോദ്യോത്തരവേളയും നടത്തി. ബാസവകല്യണിലെ അഭ്യാസികൾ സംഘടിപ്പിച്ച ഈ പരിപാടി വളരെ ഫലപ്രദമായിരുന്നു.

## കുട്ടികളുടെ പരിപാടി, തുംകുൺട, ആന്ധ്രപ്രദേശ്

കുട്ടികൾക്കായൊരു മുഴുദിന പരിപാടി ഒക്ടോബർ 6-നും, 27-നും സോണൽ ആശ്രമത്തിൽ വെച്ച് യുവ വളൻറിയർമാരുടെ ഒരു സംഘത്താൽ നടത്തപ്പെട്ടു. 6-ാം തിയ്യതി നടന്ന പരിപാടിയിൽ, സാഹോദര്യത്തിൻെറ അന്തരീക്ഷത്തിൽ എല്ലാ കുട്ടികളും ഒരുമിച്ച് വളർന്നു വരേണ്ട ഒരിടമായിരിക്കണം ആശ്രമം എന്ന് സെൻറർ-ഇൻ-ചാർജ്ജ് അഭിപ്രായപ്പെട്ടു. ആശ്രമത്തിൽ പാലിക്കേണ്ട മര്യാദകളെ കരുതിക്കൊണ്ട് കളിച്ചുകൊള്ളാൻ അവരോട് അദ്ദേഹമഭ്യർത്ഥിച്ചു. ആശ്രമത്തിലെ പല വിഭാഗങ്ങൾ സന്ദർശിച്ച അവർ വളൻറിയർമാരുമായി ഇടപഴകി, ഇതെല്ലാം നമ്മുടെതന്നെയാണെന്ന ഒരു വിചാരം അവരിലിതുണ്ടാക്കി. ഇതിന് ശേഷം ഒരു ലഘുനാടകവും പിന്നെ നിധി കണ്ടെത്താനുള്ളൊരു വിനോദവും അവർക്കായി നടത്തി.

27-ന് ചെടികളെക്കുറിച്ചൊരു ലഘുവിവരണത്തിന് ശേഷം വളരെ സ്നേഹത്തോടെ കുട്ടികൾ തൈകൾ നടുന്ന കാഴ്ച്ച കൗതുകകരമായിരുന്നു. മാസ്റ്റർ ഒമേഗയിൽ നടത്തിയ പ്രഭാഷണം ശ്രദ്ധിച്ച കുട്ടികൾ അതിന് ശേഷം ഉച്ച ഭക്ഷണത്തിനായി പിരിയും മുൻപേ നടന്ന ബലൂൺ നൃത്തം നല്ലവണ്ണം ആസ്വദിച്ചു. പിന്നീട് അവർ മൺചിരാതുകൾ അലങ്കരിച്ചു, അതെല്ലാം അഭ്യാസികൾക്ക് ദീപാവലി സമ്മാനമായി വിതരണം ചെയ്തു.

## ധാരണ, അനുഭവം, ആവിഷ്ക്കാരം :-ബാംഗ്ലൂർ



നവംബർ 24-ന് നടത്തിയ പരിപാടിയുടെ ഉദ്ദേശം അദ്ധ്യാത്മിക വിഷയങ്ങളിൽ അഭ്യാസികൾക്ക് എഴുതുവാനുള്ള കഴിവുകളെ കണ്ടെത്തി അവയെ വെളിച്ചത്ത് കൊണ്ട് വരിക എന്നതായിരുന്നു. ഒരു നിശ്ചിത പട്ടികയിലുള്ള വിഷയങ്ങളിലൊന്നിനെയെടുത്ത് അതിനെക്കുറിച്ച്, മിഷനിലെ രചനകൾ വായിച്ചശേഷം, എഴുതുവാൻ അവരോടാവശ്യപ്പെട്ടു. ഏകദേശം നൂറോളം അഭ്യാസികളുടെ സാന്നിദ്ധ്യത്തിൽ പതിനഞ്ചോളം അഭ്യാസികൾ തങ്ങളുടെ രചനകൾ അവതരിപ്പിച്ചു. പങ്കെടുത്തവരുടെ ഉദ്യമത്തെ അഭ്യാസികൾ അഭിനന്ദിച്ചു. ഇത് തങ്ങളെ മിഷൻെറ പുസ്തകങ്ങൾ വായിക്കുവാനും മാസ്റ്ററുടെ സ്മരണയിലിരിക്കുവാനും സഹായിച്ചുവെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

# യുവജന പരിപാടികൾ

## ട്രിച്ചി, തമിഴ്നാട്



നവംബർ 10,11 തീയതികളിൽ ട്രിച്ചി ആശ്രമത്തിൽ യുവജനങ്ങൾക്കായി ഒരു പരിപാടി സംഘടിപ്പിച്ചു. പ്രഭാത സത്സംഗത്തെ തുടർന്ന് സഹോ. രാജേഷ് രാഥോഡ് 'ആത്മാവിൻെറ യാത്ര' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ പ്രദർശനത്തിനുശേഷം പങ്കെടുത്തവർക്ക് ആത്മ വിശകലനത്തിനായി ചിന്തോദീപകമായ ഒരു പ്രശ്നാവലി നൽകി. വീഡിയോ ക്ലിപ്പിങ്ങുകളുടെ സഹായത്തോടെയുള്ള വിശദീകരണങ്ങൾ, 'ഹൃദയത്തെ അനുസരിക്കുക', മാസ്റ്റർ, മിഷൻ, മെത്തേഡ് എന്നതിനെ ആസ്പദമാക്കി ഒരു പ്രശ്നോത്തരി, 'യൗവ്വനം:പ്രത്യാശയുടെയും പ്രയത്നത്തിൻെറയും കാലഘട്ടം' എന്ന പുസ്തകത്തെ ആസ്പദമാക്കി ഒരു പ്രസൻേറഷൻ എന്നിവയായിരുന്നു മറ്റു സെഷനുകൾ. സായാഹ്ന സത്സംഗത്തോടു കൂടി പരിപാടി സമാപിച്ചു. പങ്കെടുത്തവർക്ക് അതിയായ കൃതജ്ഞതയും ഒരുമയും അനുഭവപ്പെട്ടു.

## ശ്രീ ഗംഗാനഗർ, രാജസ്ഥാൻ

ശ്രീ ഗംഗാനഗറിൽ പതിനഞ്ച് യുവ അഭ്യാസികൾക്കായി സംഘടിപ്പിച്ച പരിപാടിയിൽ ചിന്തയുടെ പ്രാധാന്യം വിഷയമാക്കിയ 'ദ സീക്രട്' എന്ന ഡോക്യുമെൻററി പ്രദർശിപ്പിച്ചു. ചിന്തകൾ എങ്ങനെ നമ്മുടെമേൽ പ്രവർത്തിക്കുന്നുവെന്നും, അതെങ്ങനെ നമ്മുടെ ജീവിതത്തെ ബാധിക്കുന്നെന്നും, ചിന്തകൾ മാറ്റുന്നതിലൂടെ എങ്ങനെ നമ്മുടെ ഭാവി പടുത്തുയർത്താം എന്നും തെളിയുക്കുന്ന ഒരു ഡോക്യുമെൻററിയായിരുന്നു അത്. അതിനാൽ നാം എന്താകണമെന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

പേപ്പർ തുണ്ടുകളിൽ വിവിധ വിഷയങ്ങൾ എഴുതി അത് പങ്കെടുത്തവർക്ക് വിതരണം ചെയ്തു. സ്വന്തം അനുഭവത്തിൻെറയും വിവരത്തിൻെറയും പശ്ചാത്തലത്തിൽ ഏവരും ഈ വിഷയങ്ങളെക്കുറിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു. നമ്മുടെ ദൈനംദിന സാധനയെക്കുറിച്ച് പുതിയ പല കാര്യങ്ങൾ മനസ്സിലാക്കുവാനും സംശയനിവാരണത്തിനും ഈ സദസ്സ് സഹായകമായി.




## തിരുപ്പൂർ യുവജനങ്ങളുടെ മണപ്പാക്കം യാത്ര

സപ്തംബർ 13 മുതൽ 15 വരെ തിരുപ്പൂരിൽ നിന്നും 188 അഭ്യാസികൾ മണപ്പാക്കം സന്ദർശിച്ചു. ആദ്ധ്യാത്മിക പുരോഗതിക്കും സാധനയ്ക്കും ഉതകുന്ന ചില സെഷനുകളിലും, മണപ്പാക്കത്തുള്ള മുതിർന്ന അഭ്യാസികളുമൊത്തുള്ള ചോദ്യോത്തരവേദികളിലും ആശ്രമത്തിൽ സന്നദ്ധ സേവനത്തിലും അവർ പങ്ചേർന്നു. 14 –15 തീയതികളിൽ അവർക്ക് മാസ്റ്ററെ കാണുവാനും അദ്ദേഹവുമൊത്ത് അൽപം സമയം ചിലവഴിക്കാനും സാധിച്ചു. ഈ അവസരം എല്ലാ അഭ്യാസികളിലും പുതുമ്മേഷവും പുത്തനുണർവും പകരുവാൻ സഹായിച്ചു.

## ബന്ധങ്ങളെ അനുസ്പദമാക്കി ഒരു സെഷൻ, കൊൽക്കത്ത

കൊൽക്കത്ത ആശ്രമത്തിൽ സഹോ.സ്നേഹൽ ദേശ്പാണ്ഡെ നവംബർ 24-ന് 'ബന്ധങ്ങൾ സഹജമാർഗ്ഗത്തിൻെറ വെളിച്ചത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പരിപാടി നടത്തി. ബന്ധങ്ങൾ എന്തെന്നും അതിൻെറ പ്രാധാന്യമെന്തെന്നു വിശദീകരിക്കുകയും, കൂടുതൽ 'നൽകുന്നതിലൂടെ' ബന്ധങ്ങളിൽ സമാധാനം കൊണ്ടുവരേണ്ടതിൻെറ ആവശ്യകതയും, മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കുന്നതിൻെറ പ്രാധാന്യവും അവർ വിശദീകരിച്ചു. പങ്കെടുത്തവർ അവർക്ക് ജീവിതത്തിലുണ്ടായിരുന്ന ഏറ്റവും സന്തോഷകരമായ അവസരങ്ങളുടെയും, സന്തോഷകരമായേക്കാമായിരുന്ന അവസരങ്ങളുടെയും ഒരു ലിസ്റ്റുണ്ടാക്കി. അതിനുശേഷം ബന്ധങ്ങളെ ആസ്പദമാക്കിയുള്ള ചില വീഡിയോ ക്ലിപ്പിങ്ങുകൾ കാണിക്കുകയും അതിൽ ഒരോന്നിലും പ്രദർശിപ്പിച്ചിരുന്ന നല്ലതും ചീത്തയുമായ വശങ്ങളെക്കുറിച്ചും ബന്ധങ്ങളുടെ പ്രസക്തിയെക്കുറിച്ചും വിശദീകരിക്കാൻ ആവശ്യപ്പെട്ടു. വീഡിയോവിൽ പ്രദർശിപ്പിച്ചിരുന്ന പ്രധാന ഘടകങ്ങൾ അതിരറ്റ സ്നേഹം, അടുപ്പമില്ലായ്മ, വിശ്വാസ്യത, കൂറുപുലർത്തൽ, വിശ്വാസം, ബന്ധം നിലനിർത്തൽ, ക്ഷമ, സഹിഷ്ണുത എന്നിവയായിരുന്നു. ഒരു ഹാർട്ട് എനെർജി റെസൊണൻസ് ടെസ്റ്റോടുകൂടി പരിപാടി അവസാനിച്ചു. 'ഹാർട്ട്സ് കോഡ്' എന്ന പുസ്തകം വായിക്കുന്നതിന് ശുപാർശചെയ്യപ്പെട്ടു. ഈ പരിപാടിയിലൂടെ നല്ല ബന്ധങ്ങൾ നിലനിർത്തുന്നതിനുള്ള ചില പ്രധാന ഘടകങ്ങൾ പങ്കെടുത്തവർക്ക് മനസ്സിലാക്കുവാൻ സാധിച്ചു.



## വാർത്താശകലങ്ങൾ

### പൊള്ളാച്ചി, തമിഴ്നാട്

സഹോ.പി.വി.അരുണാചലവും സഹോ.സുമതിയും ചേർന്ന് ഡിസംബർ 1-ാം തീയതി സംഘടിപ്പിച്ച മുഴുദിന പരിപാടിയിൽ രാവിലെ തിരഞ്ഞെടുത്ത വിഷയങ്ങളെക്കുറിച്ചു അഭ്യാസികൾ സംസാരിക്കുകയും ഉച്ചയ്ക്ക് പ്രശ്നോത്തരിയും ഉണ്ടായിരുന്നു. ഈ പരിപാടിയിലൂടെ അഭ്യാസികൾക്ക് ഒരു പുത്തനുണർവും ചിട്ടയായ സാധനയിലൂടെ അധ്യാത്മിക പുരോഗതി നേടുവാൻ സാധിക്കുമെന്ന ദൃഢമായ വിശ്വാസവും കൈവന്നു.





### ദുർഗ്, ഛത്തീസ്ഗഢ്

ഒക്റ്റോബർ 20-ാം തീയതി ദുർഗ് സെൻററിലെ മുപ്പത്തിരണ്ട് അഭ്യാസികൾ 'ശുദ്ധീകരണ'ത്തെ ആസ്പദമാക്കിയുള്ള ഒരു പരിശീലന പരിപാടിയിൽ പങ്കെടുത്തു. കാലാകാലമായി സാധനയിൽ ഇഴഞ്ഞു കയറിയ വ്യതിയാനങ്ങൾ അറിയുവാനും ശുദ്ധീകരണത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും ഈ പരിപാടി സഹായിച്ചതായി അവർ അഭിപ്രായപ്പെട്ടു.



### ജബൽപൂർ, മദ്ധ്യപ്രദേശ്

രേവയിലെ സൈനിക് സ്കൂളിലെയും ജയ് ജ്യോതി സ്കൂളിലെയും ആറു മുതൽ പന്ത്രണ്ടാം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മറ്റു ജോലിക്കാർക്കുമായി ആത്മീയപുരോഗതി, അദ്ധ്യാത്മികത, മൂല്യാദ്ധിഷ്ഠിത വിദ്യാഭ്യാസം എന്നിവയെ വിഷയമാക്കി ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി. ഈ പരിപാടിയിലൂടെ നേട്ടവും പ്രോത്സാഹനവും, കാഴ്ചപ്പാട്, ആദ്ധ്യാത്മികത എന്നീ വിഷയങ്ങൾ അഭിസംബോധന ചെയ്തു. പരിപാടിയുടെ സമാപനവേളയിൽ മിഷനെക്കുറിച്ച് ഒരുപാടുപേർ അന്വേഷിച്ചു.

### താനെ, മഹാരാഷ്ട്ര

കോത്ഷെറ്റ് റോഡിലുള്ള ലാഫ്റ്റർ ക്ലബ്ബിലെ ഇരുപത്തേഴ് അംഗങ്ങൾക്കായി നാലു പ്രിഫക്റ്റുമാർ ചേർന്ന് നവംബർ 16-ന് ഹിന്ദിയിൽ ഒരു പൊതുവേദി നടത്തി. കഴിഞ്ഞ കാര്യങ്ങളെക്കുറിച്ചും വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചും ചിന്തിക്കാതെ ഇപ്പോഴത്തെക്കുറിച്ച് ചിന്തിക്കാൻ ധ്യാനത്തിലൂടെ പരിശീലിക്കുന്നതിനാൽ നമുക്ക് വ്യാകുലതകളില്ലാതെ ജിവിക്കാൻ പറ്റുന്നുവെന്ന് സംഘാടകർ വിശദീകരിച്ചു. സിറ്റിംഗ് എടുക്കേണ്ടപ്പോൾ അവരുടെ സേവനം ലഭ്യമാണെന്ന് പ്രിഫക്റ്റുമാർ പറഞ്ഞു.





### കൂർഗ് അഭ്യാസികളുടെ മണപ്പാക്കം സന്ദർശനം

നവംബർ 19-23 വരെ കൂർഗിൽ നിന്നുള്ള നാൽപ്പത്തിയഞ്ച് അഭ്യാസികൾ മണപ്പാക്കം സന്ദർശിച്ചു. കൂർഗ് ആശ്രമം പുരോഗമിക്കുന്നുണ്ടെന്നറിഞ്ഞ മാസ്റ്റർ വളരെ സംതൃപ്തനായിരുന്നു. അഭ്യാസികൾ അദ്ദേഹത്തിന് ഒരു പരമ്പരാഗത കൂർഗി തൊപ്പിയും വെള്ളിയിൽ ഉണ്ടാക്കി സ്വർണ്ണം പൂശിയ ഒരു കത്തിയും സമ്മാനിച്ചു. അതിനുശേഷം മാസ്റ്റർ സത്സംഗം നടത്തി. സെൻറർ ഇരുപതു വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചതാണെങ്കിലും ഈ അടുത്ത കാലത്താണ് പുരോഗമിക്കാൻ തുടങ്ങിയത്. മഡിക്കേരിയിലും കാർഗുന്തയിലും വീരാജ്പേട്ടയിലുമായി മൂന്ന് സ്ഥലത്ത് അഭ്യാസികളുടെ വീടുകളിൽ ഇപ്പോൾ സത്സംഗം നടന്നുവരുന്നു.

## ട്രിച്ചി, തമിഴ്നാട്



മിഷൻ സാഹിത്യത്തിലുള്ള അഭ്യാസികളുടെ താത്പര്യം വർദ്ധിപ്പിക്കുന്നതിനായി 2013 സപ്തംബറിൽ ‘സാഹിത്യങ്ങളിൽ നിന്നു പഠിക്കുക’ എന്ന പരിപാടിയാരംഭിച്ചു. എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച്ച തിരഞ്ഞെടുത്ത പുസ്തകങ്ങളിൽനിന്നു മാസ്റ്ററുടെ സന്ദേശം എന്താണ് എന്നതിനെപ്പറ്റി ഒരു ചോദ്യോത്തര പരപാടി നടത്തി വരുന്നു. ഇതൊരു മുഴു ദിന പരിപാടിയായാണ് നടത്തി വരുന്നത്. സത്യോദയം, എൻെറ ഗുരു, മനുഷ്യ പരിണാമത്തിൽ ഗുരുവിൻെറ പങ്ക് എന്നീ പുസ്തകങ്ങൾ ഇതുവരെ ചർച്ച ചെയ്തു കഴിഞ്ഞു.

പല അഭ്യാസികൾക്കും ഈ പരിപാടി മിഷൻെറ പുസ്തകങ്ങൾ വായിക്കാൻ പ്രചോദനം നൽകുന്നുണ്ട്. പുസ്തകങ്ങളുടെ വിൽപ്പനയിൽ വരുന്ന വളർച്ച ഇതിൻെറ തെളിവാണ്. അഭ്യാസികൾക്ക് അവരുടെ ഹൃദയം തുറക്കാനും ആത്മീയ വ ളർച്ചയിൽ അവർക്കുണ്ടാകുന്ന അനുഭവങ്ങൾ പങ്കുവെക്കാനും ഇതു സഹായിച്ചിട്ടുണ്ട്. പുസ്തകത്തിലെ ആശയം പല തലങ്ങ ളിൽ നിന്നും അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂട്ടായ്മ, സാഹോദര്യം, ആദ്ധ്യാത്മികതയിൽ കേന്ദ്രീകരണം എന്നിവയെല്ലാം ഈ പരിപാടിയുടെ അനന്തര ഫലങ്ങളാണ്.


## ചിക്മംഗ്ലൂർ, കർണ്ണാടകം





ഒക്ടോബർ 24–26 തിയ്യതികളിൽ ചിക്മംഗ്ലൂരിലെ എ.ഐ.ടി കോളേജ്, ബി.എസ്.എൻ.എൽ ഓഫീസ്, യുറേക്ക അക്കാദമി, എം.ഇ.എസ്, ടി.എം.എസ് കോളേജുകളെന്നിവയിൽ സഹോ. മോഹൻദാസ് ഹെഗ്ഡെ പൊതുസദസ്സുകൾ സംഘടിപ്പിച്ചു. സമ്മർദ്ധം ഇല്ലാതെ സ്വതന്ത്രമായി ജീവിക്കാൻ ആത്മീയതയുടെ ആവശ്യകതയും ധ്യാനത്തിൻെറ പ്രാധാന്യവും ആയിരുന്നു ചർച്ചാ വിഷയങ്ങൾ.

26–ന ഒരു ഗൃഹ സദസ് നടത്തി. ചിക്മംഗ്ലൂർ കേന്ദ്രം എപ്രകാരം വികസിപ്പിക്കാം എന്ന വിഷയമായിരുന്നു ചർച്ച ചെയ്യപ്പട്ടത്. 27–ന ലയൻസ് ഭവനിൽ സംഘടിപ്പിച്ച ഒരു അര ദിന പരിപാടിയിൽ കടൂർ, ഹരിഹരപുരം എന്നിവിടങ്ങളിൽ നിന്നു വന്ന അഭ്യാസികൾ പങ്കെടുത്തു. ‘സന്തുലിത ജീവിതം’ എന്ന വിഷയത്തെപ്പറ്റി സഹോ. ഹെഗ്ഡെ സംസാരിച്ചു. മാസ്റ്ററുടെ ജീവിതം ഉദാഹരണമായെടുത്താണ് അദ്ദേഹം സം സാരിച്ചത്. അതിനു ശേഷം പരിശീലനത്തിൽ വരുന്ന തടസ്സങ്ങൾ എങ്ങനെ നീക്കാം എന്നതിനെപ്പറ്റി സംഘങ്ങ ളായിരുന്ന് ചർച്ച ചെയ്തു. അഭ്യാസി ആയതിനുശേഷം തനിക്കുണ്ടായ അനുഭവങ്ങൾ സഹോ. രമാകാന്ത് പങ്കു വച്ചു. പങ്കെടുത്തവർക്ക് ഈ പരിപാടി ഇഷ്ട്ടപ്പെട്ടു. ഇനിയും ഇത്തരം പരിപാടികൾ വേണമെന്നാഗ്രഹിച്ചു.

## പുതിയ പ്രകാശനങ്ങൾ




### ഡിവിഡി

ഹാർട്ട്സ്പീക്ക് 2011–വാല്യം 2(ഇംഗ്ലീഷ്)


ദ നീഡ് ഓഫ് ദ ടൈം (ഇംഗ്ലീഷ്)

പാരെൻറ്ഹുഡ്(ഇംഗ്ലീഷ്)


### പുസ്തകങ്ങൾ




പ്രിൻസിപ്പൾസ് ഓഫ് സഹജ്മാർഗ്, വാല്യം 13, തമിഴ്




ലവ് ആൻറ് ഡെത്ത് തെലുങ്ക്




ഫ്രൂട്ട് ഓഫ് ദ ട്രീ ഹിന്ദി




അഭ്യാസി ഡയറി ഹിന്ദി




ചിലന്തിയുടെ വല വാല്യം 1 മലയാളം

## യോഗാശ്രമം, സിലിഗുരി, പശ്ചിമ ബംഗാൾ

# പ്രകാശ കേന്ദ്രം







"സമയമൊഴികെ പ്രകൃതിയിലെ ദ്രവ്യങ്ങൾ - അത് ആരോഗ്യമായാലും, ധനമായാലും, കീർത്തിയായാലും, സമ്പത്സമൃദ്ധിയായാലും നഷ്ടപ്പെട്ടാൽ വീണ്ടെടുക്കാം. സമയം വീണ്ടെടുക്കാൻ കഴിയില്ല."

പാർത്ഥസാരഥി രാജഗോപാലാചാരി, ജുലൈ 11, 2010, സിലിഗുരി.



പശ്ചിമ ബംഗാളിന്റെ ഉത്തരഭാഗത്ത് ഹിമാലയത്തിന്റെ അടിവാരത്ത് സ്ഥിതിചെയുന്ന ഒരു ചെറിയ പട്ടണമാണ് സിലിഗുരി. ആ പട്ടണം സ്ഥിതിചെയ്യുന്ന സ്ഥാനത്തിന്റെ പ്രത്യേകത കാരണം വടക്കു-കിഴക്കൻ പ്രദേശങ്ങളിലേക്കുള്ള പ്രവേശ കവാടമാണത്. നേപ്പാൾ, ബാംഗ്ലദേശ്, ഭൂട്ടാൻ എന്നീ രാജ്യങ്ങളുമായത് അതിർത്തി പങ്കു വക്കുന്നു. 4.83 ഏക്കർ സ്ഥലത്ത് സ്ഥിതിചെയുന്ന ഇവിടുത്തെ ആശ്രമം ചൊബഭിട്ട എന്ന ഗ്രാമത്തിലാണ്. ഇത് പ്രധാന നഗരത്തിൽ നിന്നും 12 കി. മി. ദൂരത്തും, റെയിൽവേ സ്റ്റേഷനിൽ നിന്നു 8 കി. മി. ദൂരത്തും വിമാന താവളത്തിൽ നിന്നു 25 കി. മി. ദൂരത്തുമാണ്. മഞ്ഞു നിറഞ്ഞ കൻജെൻജുംഗ പർവതത്തിന്റെ കൊടുമുടി ഇവിടെ നിന്നു കാണാൻ കഴിയുന്നതിനാൽ ഈ ആശ്രമം ഒരു പ്രകൃതിരമണീയമായ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്.

2009-ൽ മാസ്റ്റർ ഗാംഗ്ടോക്കിലേക്കുള്ള യാത്രാ മദ്ധ്യേയാണ് ഈ സ്ഥലം രജിസ്റ്റർ ചെയ്തു. തിരിച്ചു വരുമ്പോൾ ആശ്രമം നിർമിക്കാനുള്ള അനുവാദം നൽകി. ഏകദേശം എട്ടു മാസത്തിനുള്ളിൽ പണി പൂർത്തിയാക്കി. അതിൽ മാസ്റ്ററുടെ ഓഫിസ്, 3000 ചതുര അടി വിസ്ത്തീർണമുള്ള ധ്യാന ഹാൾ, 300 അഭ്യാസികൾക്ക് സുഖമായി താമസിക്കാൻ സൗകര്യമുള്ള ഡോർമിട്ടറി, 250 പേർക്ക് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ കഴിയുന്ന ഭോജന ശാല, അടുക്കള എന്നിവയുണ്ട്. ആശ്രമത്തിനു ചുറ്റും റോഡ് നിർമിച്ചിട്ടുണ്ട്. ധാരാളം മരങ്ങളും വളർത്തിയിട്ടുണ്ട്.

വടക്കു-കിഴക്കൻ പ്രദേശങ്ങളിൽ നിന്നും നേപ്പാളിൽ നിന്നും വന്ന ഏകദേശം 600 അഭ്യാസികളുടെ സാന്നിദ്ധ്യത്തിൽ 2010 ജൂലയ് 11-ന മാസ്റ്റർ ആശ്രമം ഉത്ഘാടനം ചെയ്തു. സത്സംഗത്തിനുശേഷം മാസ്റ്റർ സംസാരിച്ചു. ഈ പ്രദേശത്ത് മിഷന്റെ വളർച്ചക്കായി ഈ ആശ്രമം ഉപയോഗിക്കണമെന്ന് അദ്ദേഹം പറഞ്ഞു. മലയോര പ്രദേശത്തെ ജനങ്ങൾക്കായി ഒരു വർഷത്തിൽ ചുരുങ്ങിയ പക്ഷം രണ്ടോ മൂന്നോ ഒത്തുചേരലുകൾ നടത്തണമെന്നദ്ദേഹം സൂചിപ്പിച്ചു. തദവസരങ്ങളിൽ ഭക്ഷണം താമസം എന്നിവക്കാവശ്യമായി വരുന്ന ചിലവ് സഹജമാർഗ സ്പിരിചുാലിറ്റി ഫൗണ്ടേഷൻ വഹിക്കും. ഈ ആശ്രമം ഉത്ഘാടനത്തിനുശേഷം ഗുരുദേവന്മാരുടെ ജന്മ ദിന ആഘോഷങ്ങൾ സിലിഗുരിയിലും അതിനടുത്തുമുള്ള അഭ്യാസികൾക്കായി ഇവിടെ ആഘോഷിക്കപ്പെടുന്നു.





To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2013 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.